# റബ്ബർ

ഡിസംബർ 2019 • വാർഷികവരിസംഖ്യ ₹100

- നഴ്സറികളുടെ പ്രാധാന്യം
- തോട്ടം ഏറ്റെടുക്കൽ– ചില അനുഭവങ്ങൾ
- ടയറിൽ ഇഞ്ചിയും ചേനയുമായി ജോയി ഇഞ്ചാനാൽ
- ഷീറ്റുണക്കാൻ പുതുവഴികൾ





www.cheerakuzhy.com
CHEERAKUZHY
Wonder Root™
ROOT TRAINER RUBBER PLANT
മണ്ണ് തൊടാതെ,
തായ്‌വേര് മുറിക്കാതെ,
കപ്പ് റബ്ബർ തൈകൾ
ഉൽപാദിപ്പിക്കുന്ന
ആധുനിക
സാങ്കേതികവിദ്യ
രാഷ്ട്രപതിയിൽ നിന്നും അവാർഡ് നേടിയ
കർഷകശ്രീ
കെ. സി. കുര്യാക്കോസിന്റെ നഴ്സറി
സാധാരണ കപ്പ് തൈകളും
WONDER ROOT
കപ്പ് തൈകളും തമ്മിലുള്ള
വ്യത്യാസം നേരിൽ കണ്ടറിയുന്നതിന്
നഴ്സറി സന്ദർശിക്കുക.
WONDER ROOT
തൈകൾ
2020 സീസണിലേക്ക്
ബുക്കിംഗ്
ആരംഭിച്ചിരിക്കുന്നു
കൂടുതൽ വിവരങ്ങൾക്ക്
9747500600
8592900400
ലഭ്യത പരിമിതം
ഉടൻ ബുക്ക് ചെയ്യുക
ചീരക്കുഴി
CHEERAKUZHY
Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.
Kottappuram P.O, Srikrishnapuram, Palakkad 679513
Ph: 0466 2266064, 08592900400
09447011047, 09447315306
Email: jose@cheerakuzhy.com | cheerakuzhy@gmail.com
www.cheerakuzhy.com

645

# റബ്ബർ

ഡിസംബർ 2019

**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 2301231, ഫാക്സ്: 2574902
വെബ്സൈറ്റ്: www.rubberboard.org.in
ഇ മെയിൽ: ppr@rubberboard.org.in
rubbermasika@gmail.com
facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

ചെയർമാൻ:
**ഡോ. സാവർ ധനാനിയ**

എക്സിക്യൂട്ടീവ് ഡയറക്ടർ:
**ഡോ. കെ.എൻ. രാഘവൻ**

എഡിറ്റർ:
**എം.ജി. സതീഷ് ചന്ദ്രൻ നായർ**

അസ്സോസിയേറ്റ് എഡിറ്റർ:
**കെ.ജി. സതീശ് കുമാർ**

അസിസ്റ്റന്റ് എഡിറ്റർ:
**പി. പ്രസാദ്**
**ബി. ശ്രീകുമാർ**

മുഖചിത്രം: ഫോട്ടോ
**കെ.കെ. ബെന്നി**

**വാർഷികവരിസംഖ്യ: 100 രൂപ**
**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.

*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# ഉള്ളടക്കം

06 പ്രതിസന്ധികളെ അതിജീവിക്കുക
10 നഴ്സറികളുടെ പ്രാധാന്യം
15 തോട്ടം ഏറ്റെടുക്കൽ- ചില അനുഭവങ്ങൾ
18 വേനലിലും റബ്ബർ കരുത്തോടെ വളരാൻ
21 ടയറിൽ ഇഞ്ചിയും ചേനയുമായി ജോയി ഇഞ്ചാനാൽ
26 ഷീറ്റുണക്കാൻ പുതുവഴികൾ
28 ഗ്രാമകേരളം
30 കോൾസെന്റർ
34 കൃഷിപ്പണികൾ
36 വാർത്തകൾ
40 വിപണി
42 തോട്ടത്തിലാശാൻ



# സമ്പത്തിലേക്ക് തേൻവഴികൾ

റബ്ബർ തോട്ടങ്ങളിൽനിന്ന് ഒരു അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്ക് തേനീച്ചവളർത്തൽ റബ്ബർ ബോർഡ് എന്നും പ്രോത്സാഹിപ്പിച്ചും പ്രചരിപ്പിച്ചും പോരുന്നുണ്ട്. ഇടക്കൃഷികൾ മിക്കതും റബ്ബർകൃഷിയുടെ ആദ്യവർഷങ്ങളിൽ മാത്രമേ പറ്റൂ. എന്നാൽ തോട്ടങ്ങളിലെ തേനീച്ച വളർത്തൽ റബ്ബറിന്റെ ഏതു പ്രായത്തിലും തുടങ്ങാനും തുടരാനും പറ്റുന്നതാണ്. ഇന്ത്യയിലെ തേനുത്പാദനത്തിന്റെ സിംഹഭാഗവും റബ്ബറിൽനിന്നാണുതാനും.


റബ്ബർതോട്ടങ്ങളിൽ പുതിയ തേനീച്ചക്കോളനികൾ സ്ഥാപിക്കാൻ പറ്റിയ സമയമാണിപ്പോൾ. നിലവിൽ പെട്ടികൾ വച്ചിരിക്കുന്ന തോട്ടങ്ങളിൽ കോളനിപിരിച്ച് പുതിയപെട്ടികൾ സ്ഥാപിക്കാം. ഈ രംഗത്തേക്ക് കടക്കാനാഗ്രഹിക്കുന്ന മറ്റു കർഷകർക്കും തോട്ടങ്ങളിൽ പെട്ടികൾ വയ്ക്കാം.

ഇന്നിപ്പോൾ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങളും പച്ചക്കറിക്കൃഷിയും ഒക്കെ ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്നുണ്ട്. അക്കൂട്ടത്തിൽ കുട്ടികൾക്കും അധ്യാപകർക്കും ഏറ്റെടുക്കാവുന്ന മികച്ച ഒരു പ്രവർത്തനമാണ് തേനീച്ചവളർത്തൽ. തേനീച്ചകളെ വളർത്തലും നിരീക്ഷിക്കലും ഭക്ഷ്യശൃംഖലയിൽ തേനീച്ചകൾക്കുള്ള സ്ഥാനം മനസ്സിലാക്കലുമൊക്കെ കുട്ടികൾക്ക് പരിസ്ഥിതിയെപ്പറ്റിയുള്ള ഏറ്റവും മികച്ച ഒരു പാഠമാകും.

കർഷകർക്ക് കുടുംബാംഗങ്ങളെയെല്ലാം കൂട്ടിച്ചെയ്യാൻ കഴിയുന്ന ഒരു ഹോബിയും തൊഴിലും ആദായമാർഗ്ഗവുമാണ് ഇത്. കൊച്ചുകുട്ടികൾക്കുപോലും ഇതിൽ പങ്കുചേരാം. സ്ത്രീകൾക്ക് ഒഴിവു നേരങ്ങളിൽ നല്ലൊരാദായം കിട്ടാനുള്ള ഒരു പ്രവർത്തനവുമാണ്.

തേനീച്ചവളർത്തലിൽ താത്പര്യമുള്ളവർക്ക് റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് പരിശീലനം നല്കുന്നുണ്ട്. താത്പര്യമുള്ളവർക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

**എഡിറ്റർ**



# സംഘബലത്തിലൂടെ പ്രതിസന്ധികളെ നേരിടാം

## റബ്ബറുത്പാദനം കൂട്ടണം

റബ്ബർകർഷകരുടെ പ്രധാന ആശങ്ക റബ്ബറിന്റെ വില സംബന്ധിച്ചുതന്നെയാണ്. വർദ്ധിച്ചുവരുന്ന കൃഷിച്ചെലവുകൾ, കാലാവസ്ഥാവ്യതിയാനം, വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ കുറവ് എന്നിങ്ങനെ റബ്ബർകൃഷിമേഖലയെ അസ്വസ്ഥമാക്കുന്ന ഒട്ടേറെ വിഷയങ്ങളുണ്ടെങ്കിലും ഉത്പന്നത്തിന്റെ വില കുറയുന്നതുതന്നെയാണ് കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നത്. അതിനാൽ റബ്ബർകൃഷി സുസ്ഥിരമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ റബ്ബർവിലയുടെ ഗതിവിഗതികൾകൂടി കണക്കിലെടുക്കേണ്ടതായിവരും. 2017 മാർച്ചുമാസത്തിനുശേഷം ആദ്യമായി ഇക്കഴിഞ്ഞ മെയ്-ജൂൺ കാലത്ത് ആർ.എസ്.എസ്. നാലാംഗ്രേഡ് റബ്ബറിന്റെ വില 150 രൂപ കടന്നിരുന്നു. എന്നാൽ, നവംബർ അവസാനവാരത്തിലെ ശരാശരിവില 130.40 രൂപയാണ്. ആഗോളവിപണിയിലെ സാഹചര്യങ്ങൾക്കനുസൃതമായി വിലയിലെ ഈ സ്ഥിതി തുടർന്നാൽ അതിനെ മറികടന്ന് എങ്ങനെ റബ്ബർകൃഷി സുസ്ഥിരമാക്കാം എന്നതാണ് ഇപ്പോൾ ചിന്തിക്കേണ്ടത്.

ഉത്പന്നത്തിന്റെ വില കുറയുന്ന ഏതു സാഹചര്യത്തിലും ഉത്പാദനം കൂട്ടുകയും അതുവഴി കൂടുതൽ വിപണനം നടത്തി ആദായം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതുമാത്രമാണ് വിലക്കുറവിനെ മറികടക്കാനുള്ള ഏറ്റവും ലളിതമായ മാർഗ്ഗമെന്നത് നാം മുൻപും ചർച്ച ചെയ്തിട്ടുള്ള കാര്യമാണ്. എന്നാൽ, ഈ ആശയം ഇനിയും പലരും ഉൾക്കൊള്ളേണ്ടതുണ്ട് എന്നാണ് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ രാജ്യത്തെ ഉത്പാദനം 651000 ടണ്ണും ഉപഭോഗം 1211940 ടണ്ണുമായിരുന്നു. തുടർച്ചയായ മഴയും വെള്ളപ്പൊക്കവും പരമ്പരാഗത റബ്ബർമേഖലകളിൽ ഉത്പാദനം കുറയാൻ കാരണമായിട്ടുണ്ട്. അതേസമയം വിളവെടുപ്പിന് യോഗ്യമായ 640000 ഹെക്ടർ തോട്ടത്തിൽ 448000 ഹെക്ടർ മാത്രമേ ടാപ്പുചെയ്യപ്പെട്ടിട്ടുള്ളൂ എന്നതാണ് ഏറെ ശ്രദ്ധേയം. ഈ കാലയളവിൽ ഹെക്ടർപ്രതിയുള്ള ഉത്പാദനം 1453 കിലോഗ്രാം ആയി കുറഞ്ഞതിനുള്ള ഒരു കാരണം തോട്ടങ്ങൾ ഇങ്ങനെ വിളവെടുക്കാതെ ഇട്ടിരുന്നതാണ്. ഇതേ കാലയളവിൽ 582351 ടൺ റബ്ബർ ഇറക്കുമതി ചെയ്യപ്പെട്ടു എന്നത് ഗൗരവപൂർവം കാണേണ്ടതാണ്.

ഉത്പാദനം കുറയുകയും ഉപഭോഗം കൂടുകയും ചെയ്യുന്നത് ഇറക്കുമതി അനിവാര്യമാക്കും. ആഗോളസാഹചര്യങ്ങളാകട്ടെ ഇറക്കുമതിക്ക് അനുകൂലവുമാണ്. ഇറക്കുമതിത്തീരുവ സംബന്ധിച്ച് അമേരിക്കയും ചൈനയും തമ്മിലുള്ള തർക്കങ്ങൾ, ആഗോളസാമ്പത്തികമേഖലയുടെ തളർച്ച എന്നിവ നിക്ഷേപകരെ ആശങ്കയിലാക്കിയിട്ടുണ്ട്. അന്താരാഷ്ട്രറബ്ബർവില കുറഞ്ഞനിലയിൽ തുടരുന്നതിന് ഇതൊരു കാരണമാണ്. ഈ സാഹചര്യത്തിൽ ആഭ്യന്തരോത്പാദനം കുറയുകയും ഉപഭോഗം കൂടുകയും ചെയ്യുന്നത് വലിയ തോതിലുള്ള ഇറക്കുമതിക്ക് വഴിയൊരുക്കും. അത് ആഭ്യന്തരവിപണിയെ കൂടുതൽ പ്രതിസന്ധിയിലേക്കായിരിക്കും നയിക്കുക. അതുകൊണ്ട് പരമാവധി വിളവെടുത്ത് ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കുറച്ചു കൊണ്ടുവരാൻ ശ്രമിക്കണം.

തോട്ടങ്ങളുടെ ദത്തെടുക്കൽ, ലേബർബാങ്കുകൾ, സമൂഹസംസ്കരണം, നൈപുണ്യവികസനം എന്നിങ്ങനെ റബ്ബർകൃഷിമേഖല സുസ്ഥിരമാക്കുന്നതിനുതകുന്ന ഒട്ടേറെ നിർദ്ദേശങ്ങളാണ് റബ്ബർബോർഡ് മുന്നോട്ടുവെയ്ക്കുന്നത്. അവയെല്ലാം പരമാവധി പ്രയോജനപ്പെടുത്തിയാൽ ഉത്പാദനം കൂട്ടാനും പ്രതിസന്ധികളെ ഒരു പരിധി വരെ അതിജീവിക്കാനും കഴിയുമെന്ന് ഓർക്കുക.

ആശംസകളോടെ

ഡോ. കെ.എൻ. രാഘവൻ



# പ്രതിസന്ധികളെ അതിജീവിക്കുക : ചെയർമാൻ

നിലവിലുള്ള സ്ഥിതിഗതികൾ റബ്ബറുത്പാദനമേഖലയ്ക്കും ഉപഭോഗമേഖലയ്ക്കും വെല്ലുവിളികൾ നിറഞ്ഞതാണെന്ന് റബ്ബർബോർഡ് ചെയർമാൻ ഡോ. സാവർ ധനാനിയ പറഞ്ഞു. കോട്ടയത്തു നടന്ന 179-ാമത് റബ്ബർബോർഡുയോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.



ആഗോളസാമ്പത്തികരംഗം പ്രയാസമേറിയ കാലഘട്ടത്തിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. സാമ്പത്തികമേഖലയിലെ അനിശ്ചിതത്വം ഉപഭോക്താക്കളുടെ ആത്മവിശ്വാസത്തെയും നിക്ഷേപകതീരുമാനങ്ങളെയും ബാധിച്ചിട്ടുണ്ട്. ഇതിന്റെ തിരിച്ചടി സാമ്പത്തിക-വ്യവസായമേഖലകളിൽ ഉണ്ടായിക്കഴിഞ്ഞു. കാലാവസ്ഥാമാറ്റം, കറൻസിവിനിമയ രംഗത്തെ ചലനങ്ങൾ, എണ്ണവിലയിലെ ഏറ്റക്കുറച്ചിലുകൾ എന്നിവയെല്ലാം പ്രകൃതിദത്തറബ്ബർ വിപണിയിൽ ചാഞ്ചാട്ടങ്ങളുണ്ടാക്കാം. എങ്കിലും വികസ്വരവും വളർന്നു





വരുന്നതുമായ സമ്പദ്വ്യവസ്ഥകൾ സ്വയം വീണ്ടെടു ക്കുകയും സുസ്ഥിരവളർച്ച പാതയിലെത്തു കയും ചെയ്യുമെന്ന പ്രവചനങ്ങൾ ആശ്വാസകരമാ ണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. റബ്ബറുത്പാദക രാജ്യങ്ങളുടെ അന്താരാഷ്ട്രസംഘടയായ അസോസി യേഷൻ ഓഫ് നാച്ചുറൽ റബ്ബർ പ്രൊഡ്യൂസിങ് കൺട്രീസിന്റെ (എ.എൻ.ആർ.പി.സി.) കണക്കനുസ രിച്ച് 2019-ലെ ആദ്യപകുതിയിൽ ആഗോള പ്രകൃതിദത്തറബ്ബറുത്പാദനം 58.5 ലക്ഷം ടണ്ണും ഉപഭോഗം 69.3 ലക്ഷം ടണ്ണും ആയിരിക്കും. മുഖ്യ റബ്ബറുത്പാദ കരാജ്യങ്ങളായ തായ്‌ലാൻഡ്, ഇന്തോനേഷ്യ, ചൈന എന്നിവിടങ്ങളിലെ ഉത്പാദനത്തിലുണ്ടായ കുറവാണ് ഇതിനു കാരണം. 2019-ൽ പ്രകൃതിദത്തറബ്ബറിന്റെ ആഗോള ഉത്പാദനം 0.5 ശതമാനം കുറഞ്ഞ് 138.1 ലക്ഷം ടൺ ആകുമെന്നാണ് കണക്കുകൂട്ടുന്നത്. ഇന്റർനാഷണൽ റബ്ബർ സ്റ്റഡി ഗ്രൂപ്പിന്റെ കണക്കനുസരിച്ച് 2019-ലെ ആദ്യപകുതിയിൽ കൃത്രിമറബ്ബറിന്റെ ഉത്പാദനം 76 ലക്ഷം ടണ്ണും ഉപഭോഗം 77 ലക്ഷം ടണ്ണുമാണ്. 2020-ൽ കൃത്രിമറബ്ബറിന്റെ ഉപഭോഗത്തിൽ 1.9 ശതമാനത്തിന്റെ വളർച്ച പ്രതീക്ഷിക്കുന്നുണ്ട്. യോഗ ത്തിൽ തുടർന്നു സംസാരിച്ച റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ ഐ. ആർ.എസ്. ഇന്ത്യയിലെ പ്രകൃതിദത്തറബ്ബർമേഖലയിലെ സ്ഥിതിഗതികൾ സംബന്ധിച്ച് റിപ്പോർട്ട് അവതരിപ്പിച്ചു. ആഭ്യന്തര റബ്ബറുത്പാദനം 2019 ഏപ്രിൽ-സെപ്റ്റംബർ മാസങ്ങളിൽ കഴിഞ്ഞ വർഷത്തെ ഇതേ കാലയ ളവിലേതിനെ അപേക്ഷിച്ച് 11.2 വർദ്ധനയോടെ 308000 ടണ്ണിലെത്തി. റബ്ബർബോർഡിന്റെ തോട്ടം ദത്തെടുക്കൽ പദ്ധതിയിലൂടെയും റെയിൻഗാർഡിങ് പ്രോത്സാഹനത്തിലൂടെയും ടാപ്പുചെയ്യാതെകിടന്ന കൂടുതൽ മരങ്ങൾ ടാപ്പിങ്ങിലെത്തിച്ചതിലൂടെയാണ് ഉത്പാദനവർദ്ധന സാധ്യമായത്. ഇതുവരെ 2800 ഹെക്ടർ





തോട്ടങ്ങളാണ് ദത്തെടുത്തത്. ഈ വർഷം റെയിൻഗാർഡു ചെയ്യപ്പെട്ടതാകട്ടെ 2.5 ലക്ഷം ഹെക്ടറും. ഇത് കഴിഞ്ഞ വർഷത്തെക്കാൾ 40000 ഹെക്ടർ കൂടുതലാണ്. 2019-20-ലെ പ്രതീക്ഷിത ഉത്പാദനം 730000 ടണ്ണായിരിക്കുമെന്നാണ് പുതിയ അനുമാനം. 2019 ഏപ്രിൽ-സെപ്റ്റംബർ മാസങ്ങളിലെ റബ്ബറുപഭോഗത്തിൽ കഴിഞ്ഞ വർഷത്തെ

13.9 ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ട്.ഇറക്കുമതിയുടെ 73 ശതമാനവും ഡ്യൂട്ടി പെയ്ഡ് ചാനലിലൂടെ ആയിരുന്നു. 2019 ഏപ്രിൽ- സെപ്റ്റംബർ മാസങ്ങളിലെ റബ്ബർ ഇറക്കുമതിയുടെ 82.6 ശതമാനവും ബ്ലോക്കുറബ്ബറിന്റെ രൂപത്തിലാണ്. ഈ കാലയളവിലെ ഇറക്കുമതി 257943 ടണ്ണാണ്. 2019-20 സാമ്പത്തികവർഷത്തെ ഇറക്കുമതി



ഇതേ കാലയളവിലേതിനെ അപേക്ഷിച്ച് 7.6 ശതമാനം കുറവുണ്ടായിട്ടുണ്ട്. 2018-ൽ ഈ കാലയളവിലുണ്ടായിരുന്ന 614040 ടണ്ണിന്റെ റബ്ബറുപഭോഗം 2019-ൽ 567120 ടണ്ണായി കുറഞ്ഞു. 2019-20-ലെ പ്രതീക്ഷിത ഉപഭോഗം 1140000 ടണ്ണാണ്. 2019 ഏപ്രിൽ-സെപ്റ്റംബർ കാലയളവിൽ റബ്ബറിന്റെ ഇറക്കുമതിയിൽ കഴിഞ്ഞ സാമ്പത്തികവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച്

415000 ടണ്ണായിരിക്കുമെന്നും അനുമാനിക്കുന്നു. 2019 സെപ്റ്റംബർ അവസാനത്തെ റബ്ബർ സ്റ്റോക്ക് 296000 ടണ്ണാണ്. 2019 ജൂൺ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിലെ റബ്ബർബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിച്ചു. •



ജോജോ ജോസ്
ഫീൽഡ് ഓഫീസർ

# നഴ്സറികളുടെ പ്രാധാന്യം

**ഗുണമേൻമയുള്ള ഇനങ്ങളുടെ ആരോഗ്യമുള്ള നടീൽവസ്തുക്കൾ നട്ടാലെ മെച്ചപ്പെട്ട ഉത്പാദനം ഉറപ്പാക്കാൻ പറ്റൂ. ശാസ്ത്രീയമായി തയ്യാറാക്കപ്പെട്ട നഴ്സറികളിൽ സാങ്കേതികപരിജ്ഞാനമുള്ളവരുടെ മേൽനോട്ടത്തിൽ വേണം തൈകൾ ഉത്പാദിപ്പിക്കാൻ. കരിക്കാട്ടൂരിൽ റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള സെൻട്രൽ നഴ്സറിയിലെ പ്രവർത്തനങ്ങളെക്കുറിച്ചാണ് ലേഖനം.**

പ്രത്യേക കരുതലും സംരക്ഷണവും നൽകി കുട്ടികളെ നഴ്സറിസ്കൂളുകളിൽ അയയ്ക്കുന്നത് അവരുടെ ഭാവി വിദ്യാഭ്യാസത്തിന് അടിത്തറ പാകാനാണ്. അതുപോലെ റബ്ബർതൈകളെ നഴ്സറിയിൽ വളർത്തുന്നതിനും വ്യക്തമായ ലക്ഷ്യങ്ങളുണ്ട്. 'ഇന്നത്തെ തൈയാണ് നാളത്തെ മരം.' റബ്ബർ കർഷകന്റെ വരുമാനസ്രോതസ്സാണ് റബ്ബർകൃഷി. മികച്ച ഉത്പാദനം ഉണ്ടെങ്കിലേ റബ്ബർകൃഷി ആദായകരമാകൂ. കൃഷി ആദായകരമായാൽ മാത്രമേ കർഷകനും കൃഷിയും നിലനിൽക്കുകയുള്ളൂ.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം മികച്ചതെന്നു സാക്ഷ്യപ്പെടുത്തിയ ഇനങ്ങളെ ആവശ്യാനുസരണം ഉത്പാദിപ്പിച്ചു നൽകുകയാണ് നഴ്സറികൾ ചെയ്യുന്നത്. റബ്ബർബോർഡിന്റെ ഉടമസ്ഥതയിൽ കേരളത്തിൽ



*കപ്പുതൈകൾ വാഹനത്തിൽ ലോഡ് ചെയ്യുന്നു*

കരിക്കാട്ടൂരിലെ സെൻട്രൽ നഴ്സറിയും നാലു പ്രാദേശിക നഴ്സറികളും ഉൾപെടെ അഞ്ച് റബ്ബർനഴ്സറികൾ ഉണ്ട്. 1961 – ൽ മുക്കടയിൽ സ്ഥാപിതമായ സെൻട്രൽ നഴ്സറി റബ്ബർബോർഡിന്റെ ഏറ്റവും വലിയ നഴ്സറിയാണ്. ഇവിടെ കർഷകരുടെ ഇടയിൽ പ്രചാരത്തിലുള്ള നടീൽ വസ്തുക്കളായ കോൽതൈ, കൂടതൈ, കപ്പുതൈ എന്നിവ ഉത്പാദിപ്പിക്കുന്നു. ഇവയിൽ ഇന്ന് ഏറ്റവും പ്രചാരത്തിലുള്ളത് കപ്പ് തൈകളാണ്. കരിക്കാട്ടൂരിലെ സെൻട്രൽ നഴ്സറിയിൽ തൈകൾ ഉത്പാദിപ്പിക്കുന്നതിനെക്കുറിച്ച് ഇവിടെ വിവരിക്കുന്നു.

## ബഡ്ഡുവുഡ് നഴ്സറി

റബ്ബറിനങ്ങൾ വർദ്ധിപ്പിച്ചു നൽകാനായി നഴ്സറികളിൽ ആദ്യം ചെയ്യുന്നത് ബഡ്ഡുവുഡ് മാതൃനഴ്സറി സ്ഥാപിക്കുകയാണ്. മികച്ച ഇനങ്ങളുടെ ബഡ്ഡുതൈകൾ ഓരോ ഇനവും പ്രത്യേകം ഭാഗത്തായി കൃത്യമായ ഇടയകലത്തിൽ നടുന്നു. അടിവളമായി റോക്ക് ഫോസ്ഫേറ്റ് ഇട്ടുകൊടുക്കും. നട്ട് രണ്ടു മാസം കഴിഞ്ഞും എട്ടുമാസം കഴിഞ്ഞും എൻ.പി.കെ എം.ജി. 10:10:4:1.5 എന്ന രാസവളമിശ്രിതം ചെടി ഒന്നിന് 125 ഗ്രാം എന്ന തോതിൽ നൽകുന്നു.. എല്ലാ വർഷവും തറനിരപ്പിൽനിന്നു നിശ്ചിത ഉയരത്തിൽ മുറിച്ചു വിട്ടശേഷം പൊട്ടി തളിർക്കുന്ന പുതിയ ശിഖരങ്ങളിൽനിന്നാണ് ബഡ്ഡുകണ്ണുകൾ എടുക്കുന്നതിനുള്ള ബഡ്ഡുകമ്പുകൾ ശേഖരിക്കുന്നത്. ബഡ്ഡുവുഡ് ശേഖരിച്ചശേഷം രണ്ടുമൂന്നു മാസത്തിനകം മേൽസൂചിപ്പിച്ചരീതിയിൽ രാസവളപ്രയോഗം നടത്തും. ബഡ്ഡുവുഡ് മാതൃവൃക്ഷങ്ങൾ 10 വർഷം വരെ ഉപയോഗിക്കാം. അതിനുശേഷം ഊർജ്ജസ്വലത നിലനിർത്തുന്നതിനായി ഇവ നീക്കം ചെയ്ത് പുതിയ മാതൃവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതാണ്.

## ബഡ്ഡിങ്

മികച്ച ഇനത്തിന്റെ ബഡ്ഡുകണ്ണ് എടുത്ത് സാധാരണ തൈകളിൽ ഒട്ടിച്ചു ചേർക്കുന്നതിനെയാണ് ബഡ്ഡിങ് എന്നു പറയുന്നത്. ഇതിനായി മാതൃവൃക്ഷത്തിൽ നിന്നും ബഡ്ഡുകമ്പുകൾ ശേഖരിക്കുന്നു. ബഡ്ഡുകണ്ണ് ഉൾപ്പെടുന്ന ഭാഗത്ത് ദീർഘചതുരാകൃതിയിൽ വരഞ്ഞ് പട്ട ഇളക്കി എടുക്കുന്നു. ഒട്ടിക്കാനുദ്ദേശിക്കുന്ന തൈയിലും അൽപം കൂടി വലിപ്പത്തിൽ തറനിരപ്പിൽ നിന്നും രണ്ടു സെ.മീ. ഉയരത്തിൽ ദീർഘചതുരാകൃതിയിൽ വരഞ്ഞ് പട്ട ഇളക്കി പൊളിച്ചു കളയുന്നു. നേരത്തെ മുറിച്ചെടുത്ത ബഡ്ഡുകണ്ണ് അടങ്ങിയ പട്ട ഈ ഭാഗത്ത് ചേർത്ത് വച്ച് പ്ലാസ്റ്റിക് നാട കൊണ്ട് നനയാത്ത രീതിയിൽ കെട്ടി ഭദ്രമാക്കുന്നു. 21-ാം ദിവസം പ്ലാസ്റ്റിക് നാട അഴിച്ചുമാറ്റി ബഡ് പിടിച്ച തൈകൾ പ്രത്യേകം മാർക്ക് ചെയ്യുന്നു. ബഡ്ഡു പിടിക്കാത്ത തൈകളുടെ മറുവശത്ത് വീണ്ടും ബഡ്ഡു ചെയ്യാൻ സാധിക്കും. 2 മുതൽ 8 മാസം വരെ പ്രായമുള്ള തൈകളിൽ പച്ചക്കണ്ണുപയോഗിച്ച് ബഡ്ഡുചെയ്യുകയും അതിൽ കൂടുതൽ പ്രായമുള്ള തായ്ചെടികളെ ബ്രൗൺഒട്ടുകണ്ണ് ഉപയോഗിച്ച് ബഡ്ഡുചെയ്യുകയും ചെയ്യുന്നു.

## റബ്ബർകുരു

നഴ്സറിക്കാവശ്യമായ റബ്ബർകുരു വാങ്ങുന്നത് കന്യാകുമാരി ജില്ലയിലെ മാർത്താണ്ഡം, കുലശേഖരം എന്നീ പ്രദേശങ്ങളിൽ നിന്നാണ്. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലാണ് വിത്തുകൾ ലഭ്യമാകുക. അധികം മഴ ഇല്ലാത്ത പ്രദേശങ്ങളായതിനാൽ ഇവിടെ നിന്നു ലഭിക്കുന്ന വിത്തുകൾക്ക് അങ്കുരണശേഷി കൂടുതലും രോഗബാധ കുറവുമായിരിക്കും. ദിവസം ചെല്ലുന്തോറും മുളയ്ക്കാനുള്ള ശേഷി കുറയുമെന്നതിനാൽ വിത്ത് ലഭിക്കുന്ന അന്നുതന്നെ പാകും. വെള്ളം കെട്ടിനിൽക്കാത്ത വിധ

ത്തിൽ ഉയർത്തി എടുത്ത തടങ്ങളിൽ അഞ്ചു സെ.മീ. കനത്തിൽ മണൽ വിരിച്ചശേഷമാണ് വിത്തുപാകുന്നത്. ഒന്ന് ഒന്നിനെ തൊട്ട് എന്നാൽ, ഒന്ന് ഒന്നിനു മുകളിൽ വരാത്ത രീതിയിലാണ് വിത്തുകൾ നിരത്തുന്നത്. പുറമെ ചണച്ചാക്ക് വിരിച്ചശേഷം മഴയില്ലാത്ത ദിനങ്ങളിൽ രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും നനച്ചുകൊടുക്കും. എട്ടാം ദിവസം മുതൽ മുളച്ച വിത്തുകൾ എടുത്തു തുടങ്ങാം. കരുത്തുള്ളവ 1.5 ദിവസത്തിനകം മുളയ്ക്കുമെന്നതിനാൽ അതിനുശേഷം മുളയ്ക്കുന്നവ ഉപയോഗിക്കാറില്ല. മുളകൾക്കും ചെറുവേരുകൾക്കും കേടുവരാതിരിക്കാൻ ബക്കറ്റിൽ വെള്ളമെടുത്ത് അതിലാണ് മുളച്ച വിത്തുകൾ ശേഖരിക്കുക. ഇവ പ്രത്യേകം തയ്യാറാക്കിയ തവാരണകളിലോ ചകിരിച്ചോർ നിറച്ച കപ്പുകളിലോ നടുന്നു. ഇങ്ങനെ വളരുന്ന തൈകൾ രണ്ടുമാസം കഴിയുമ്പോൾ മുതൽ ബഡ്ഡുചെയ്ത് മികച്ച ഇനങ്ങൾ ഉത്പാദിപ്പിക്കാം.

### കോൽത്തൈകൾ

തവാരണകളിൽ തൈകൾ വളർത്തി ബഡ്ഡു ചെയ്താണ് കോൽത്തൈകൾ ഉത്പാദിപ്പിക്കുന്നത്. 2 1/2 അടി ആഴത്തിൽ കിളച്ച് കല്ലും കമ്പുകളുമൊക്കെ മാറ്റി അരയടി ഉയരം വരത്തക്ക രീതിയിലാണ് തവാരണകൾ തയ്യാറാക്കുന്നത്. തവാരണകളിൽ തൈകൾ നടുമ്പോൾ തൈകളും നിരകളും തമ്മിൽ ഒരടി അകലം വേണം. മാർക്കു ചെയ്ത ചരടുപയോഗിച്ചാണ് അകലം ക്രമീകരിക്കുന്നത്. തവാരണകൾക്കിടയിൽ വെള്ളം ഒഴുകിപ്പോകാനുള്ള ചാലുകളും നടപ്പാതകളും സജ്ജീകരിക്കും. ഒരു ഹെക്ടർ സ്ഥലത്ത് ഏകദേശം 75000 തൈകൾ നടാൻ സാധിക്കും.

തൈകൾ നട്ട് രണ്ടു മാസത്തിനു ശേഷം ഹെക്ടറൊന്നിന് 1255 കിലോഗ്രാം എൻ.പി.കെ എം.ജി. 10:10:4:1.5 എന്ന കൂട്ടു വളം ഇട്ടു കൊടുക്കും. വീണ്ടും രണ്ടുമാസം കൂടി കഴിയുമ്പോൾ 275 കിലോഗ്രാം യൂറിയ കൊടുക്കും. ആരോഗ്യം കുറഞ്ഞ തൈകൾ ക്രമമായി നീക്കം ചെയ്യും. ബഡ്ഡു ചെയ്യുന്നതിനായി ഇവിടെനിന്ന് ഒരു ഹെക്ടറിൽ അമ്പതിനായിരത്തോളം തൈകൾ ലഭിക്കും. ഇതിൽ നിന്ന് ബഡ്ഡു പിടിച്ച ഏകദേശം മുപ്പത്തി അയ്യായിരത്തോളം കോൽതൈകൾ വിപണനത്തിന് ലഭ്യമാകും. തൈകൾ പിഴുതെടുത്ത് ബഡ്ഡുകണ്ണിന് ഏഴു സെ.മീ. മുകളിലായി മുറിച്ചു മാറ്റി മുറിപാട് മെഴുകിൽ മുക്കി എടുക്കും. ജലാംശം നഷ്ടപ്പെടാതിരിക്കാനാണിത്. പക്കവേരുകൾ കോതിക്കളഞ്ഞ് നീളമുള്ള തായ്‌വേരുകൾ സൗകര്യപ്രദമായ നീളത്തിൽ മുറിച്ചശേഷം വിപണനം ചെയ്യും. ഈ തൈകൾ കപ്പുകളിലോ കൂടകളിലോ നടാനായി ഉപയോഗിക്കുകയും ചെയ്യാം.

### കൂടത്തൈകൾ

വളക്കൂറുള്ള മേൽമണ്ണ് നിറച്ചാണ് പോളിത്തീൻ കൂടകൾ തയ്യാറാക്കുന്നത്. ഇവ ചാലുകളിൽ ഇരട്ട നിരകളായി ക്രമീകരിക്കുന്നു. രണ്ട് ഇരട്ടനിരകൾക്കിടയിൽ നടപ്പാതയ്ക്കായി സ്ഥലം വിടുന്നു. ഓരോ കൂടയിലും രണ്ടോ മൂന്നോ മുളച്ച വിത്തിട്ട് അവ വളർന്നു വരുമ്പോൾ ആരോഗ്യമുള്ളവ മാത്രം നിലനിർത്തി അവയിൽ ഗ്രീൻ ബഡ്ഡിങ് നടത്തുന്നു. ഒരു കൂടയിൽ ഒന്നിലധികം തൈകളിൽ ബഡ്ഡു പിടിച്ചാൽ ഒന്നുമാത്രം നിലനിർത്തി ബാക്കിയുള്ളവ പിഴുതെടുത്ത് കോൽത്തൈയായി വിപണനം ചെയ്യാം. ബഡ്ഡുപിടിച്ച തൈയുടെ ബഡ്ഡുകണ്ണിന് 7 സെ.മീ. മുകളിലായി മുറിച്ച് നീക്കി മുറിപാടിൽ റബ്ബർ കോട്ട് പുരട്ടുന്നു. ബഡ്ഡുകണ്ണ് മുളച്ച് വളർന്ന് വരുമ്പോൾ എൻ.പി.കെ എം.ജി. 10:10:4:1.5 മിക്സ്ചർ 10 ഗ്രാം വീതം കൊടുക്കും. ആദ്യതട്ട് മൂപ്പെത്തുമ്പോൾ വളപ്രയോഗം 30 ഗ്രാം വരെയാക്കാം. രോഗ പ്രതിരോധത്തിനായി ആവശ്യാനുസരണം കുമിൾനാശിനികൾ ഉപയോഗിക്കണം. കൂടയിൽ കുരു ഇട്ട് ബഡ്ഡു ചെയ്തതാണെങ്കിൽ ഒരു തട്ട് ഇല വന്ന് മൂപ്പെത്തുമ്പോൾ വിപണനം ചെയ്യാം. എന്നാൽ കൂടയിൽ കോൽതൈ നട്ടുകിളിർപ്പിച്ചതാണെങ്കിൽ രണ്ടുതട്ട് ഇല വന്ന് മൂത്തതിനുശേഷമേ വിതരണം ചെയ്യൂ. കാരണം അപ്പോൾ മാത്രമേ, വേരുപടലങ്ങൾ








*ഡെവലപ്മെന്റ് ഓഫീസർ കെ.ആർ. ശിവമണി (മദ്ധ്യത്തിൽ), ജൂനിയർ ഫാം ഓഫീസർ എം. കറുപ്പസ്വാമി എന്നിവരോടൊപ്പം ലേഖകൻ*

ശരിക്ക് വളർന്നിട്ടുണ്ടാകുകയുള്ളൂ. പരിമിതമായി മാത്രം ഉണ്ടാക്കുന്നതിനാൽ സെൻട്രൽ നഴ്സറിയിൽ ഇപ്രകാരം കോൽതൈ നട്ടു കിളിർപ്പിച്ച കൂടതൈകളാണ് വിപണനം ചെയ്യുന്നത്.

## കപ്പുതൈകൾ

സെൻട്രൽ നഴ്സറിയിൽ ഏറ്റവും അധികം ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്നത് കപ്പുതൈകളാണ്. ചകിരിച്ചോർ നിറച്ച കപ്പുകളിൽ, മുളച്ച റബ്ബർകുരു നട്ട് വളർത്തിയെടുത്ത തൈകളിലാണ് പ്രധാനമായും ബഡ്ഡു ചെയ്യുന്നത്. ഗവേഷണകേന്ദ്രത്തിന്റെ അടിസ്ഥാന ശുപാർശകൾക്കൊപ്പം ഇവിടെ തനതായി വികസിപ്പിച്ച രീതികളിലും കപ്പുതൈകൾ ഉത്പാദിപ്പിക്കുന്നുണ്ട്.

800 സിസി വ്യാസമുള്ള കപ്പുകളാണ് ഇവിടെ ഉപയോഗിക്കുന്നത്. കപ്പിന്റെ ഉള്ളിൽ നീളത്തിലായി ചില തടിപ്പുകൾ ഉണ്ട്. അതിനാൽ പക്കവേരുകൾ വട്ടം ചുറ്റാതെ നേരെ താഴേക്ക് വളരുന്നു. ഇങ്ങനെ വേരുകളെ താഴേക്ക് വളരാൻ പരിശീലിപ്പിക്കുന്നതിനാൽ ഇവയെ റൂട്ട്ട്രെയിനർ കപ്പുകൾ എന്ന് വിളിക്കുന്നു. ഈ കപ്പുകൾ പുനരുപയോഗയോഗ്യമായതിനാൽ കാലിക്കപ്പ് കൊണ്ടുവരുന്ന കർഷകർക്ക് ഒരു നിശ്ചിത തുക തിരികെ കൊടുക്കുകയും ചെയ്യും.

കപ്പുകൾ നിറയ്ക്കാനായി സംസ്കരിച്ച ചകിരിച്ചോറാണ് ഉപയോഗിക്കുന്നത്. വർഷങ്ങളോളം മഴയും വെയിലുമേറ്റ്, ഹാനികരമായ രാസപദാർത്ഥങ്ങൾ നീങ്ങിപ്പോയ ചകിരിച്ചോർ തൈകളുടെ വേരുപടലങ്ങൾ വളർന്ന് വികസിക്കുന്നതിന് ഉത്തമ മാധ്യമമാണ്. നനഞ്ഞ ചകിരിച്ചോറിൽ നിന്നു കുമിൾബാധ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇത് തടയുന്നതിന് മാങ്കോസെബ് എന്ന കുമിൾനാശിനി ചേർക്കുന്നു. ചിതലിന്റെ ആക്രമണം തടയാൻ ക്ലോർപൈറിഫോസ് എന്ന കീടനാശിനിയും ചേർക്കും. ഇവ ചേർത്ത് നന്നായി ഇളക്കി കല്ല്, കമ്പ്, കട്ട മുതലായ മാലിന്യങ്ങൾ നീക്കിയാണ് കപ്പുകൾ നിറയ്ക്കാൻ ഉപയോഗിക്കുന്നത്.

റബ്ബർബോർഡുദ്യോഗസ്ഥരുടെ നേരിട്ടുള്ള നിരീക്ഷണത്തിലും മാർഗനിർദ്ദേശത്തിലുമാണ് തൊഴിലാളികൾ കപ്പുനിറയ്ക്കുന്നത്. കപ്പുകൾ നഴ്സറിയിൽ ചാലുകൾ എടുത്ത് അവയിൽ ഉറപ്പിക്കുന്നു. ഉപയോഗശൂന്യമായ പൈപ്പുകളോ, കമുകിൻതടിയോ സ്ഥലത്തിന്റെ ചെരിവിന് കുറുകെ ഇട്ട് അവയുടെ ഇരുവശത്തുമായി 15–20 സെ.മീ. ആഴത്തിൽ ചാലുകൾ കീറുന്നു. അവയിൽ കപ്പുകൾ ഒന്നിനോടൊന്ന് മുട്ടിയിരിക്കത്തക്കരീതിയിൽ ക്രമീകരിക്കുന്നു. കപ്പുകൾ മണ്ണിട്ടുറപ്പിച്ച ശേഷം പൈപ്പുകൾ എടുത്തു മാറ്റുന്നു. ഇതിനെ ട്രഞ്ചിങ് എന്നാണ് പറയുന്നത്. ഒരു ഇരട്ട നിരയിലെ കപ്പുകൾക്കിടയിൽ അഞ്ചു സെന്റിമീറ്റർ എങ്കിലും അകലം കാണും. രണ്ട് ഇരട്ടനിരകൾ തമ്മിൽ രണ്ടടിയെങ്കിലും അകലം വരത്തക്ക രീതിയിലാണ് ട്രെഞ്ചിങ് (trenching) നടത്തുക. മുളച്ച വിത്തുകൾ പാകുന്നതിനും കളയെടുപ്പ്, വളമിടീൽ, നനയ്ക്കൽ എന്നീ കൃഷിപ്പണികൾക്കും ഈ ഇടനാഴി ആവശ്യമാണ്. കൂടാതെ ഇരുവശത്തെയും തൈകൾ ബഡ്ഡു ചെയ്യാൻ എളുപ്പവുമാണ്. ഒരു ഹെക്ടറിൽ ഒരു ലക്ഷത്തിലധികം കപ്പുകൾ ട്രെഞ്ച് ചെയ്തു വയ്ക്കാം.


തവാരണകളിൽ നിന്നു മുളച്ചുതുടങ്ങിയ വിത്തുകൾ ഓരോ കപ്പിലും ഒന്നു വീതം നടുന്നു. കപ്പുകളുടെ മുകൾഭാഗത്തെ ചകിരിച്ചോർ അൽപം മാറ്റി അവിടെ വിത്തുവച്ച് ചകിരിച്ചോർ തിരികെ ഇട്ട് മൂടുകയാണ് പതിവ്. തൈകൾ കിളിർക്കാൻ തുടങ്ങി രണ്ടുമൂന്നാഴ്ച കഴിയുമ്പോൾ ആരോഗ്യമില്ലാത്തതും കേടുവന്നതുമായ തൈകൾ നീക്കം ചെയ്ത്, മുളച്ചുവരുന്ന ആരോഗ്യമുള്ള



*പുതിയ കിളിർപ്പുകൾ ഉണ്ടാകുന്നതിനായി ബഡ്ഡുവുഡ്ഡുകൾ മുറിച്ചുവിടുന്നു*

വിത്തുകൾ കൊണ്ട് ഇടപോക്കുന്നു. ഒരു തവണകൂടി ഇതാവർത്തിക്കുമ്പോൾ മിക്കവാറും എല്ലാ കപ്പുകളിലും ആരോഗ്യമുള്ള തൈകൾ ഉണ്ടാകും. മാസത്തിലൊരിക്കൽ ചാണകവും കടലപ്പിണ്ണാക്കും ചേർത്ത് പുളിപ്പിച്ച് അതിൽ എൻ.പി.കെ എം.ജി. 10:10:4:1.5 മിക്സ്ചർ വളവും ചേർത്ത് നേർപ്പിച്ച് ഒഴിച്ച് കൊടുക്കും. ഡിസംബർ, ജനുവരി മാസങ്ങളിൽ പെൻസിൽ വണ്ണമെത്തിയ തൈകളിൽ ഗ്രീൻ ബഡ്ഡിങ് നടത്തും. ഏപ്രിൽ, മെയ് മാസം മുതൽ ബാക്കിയുള്ള തൈകളിലും ഗ്രീൻ ബഡ്ഡിങ് പരാജയപ്പെട്ട തൈകളിലും ബ്രൗൺ ബഡ്ഡിങ് നടത്തും. ബഡ്ഡിങ് വിജയിച്ച തൈകൾ ആവശ്യാനുസരണം കപ്പോടുകൂടി കിളച്ചെടുക്കും. ഒട്ടുകണ്ണിന് ഏഴു സെന്റിമീറ്റർ മുകളിലായി എതിർവശത്തേക്കു ചെരിച്ചുവെട്ടി മുകൾഭാഗം നീക്കം ചെയ്യും. കപ്പിനു താഴേക്ക് തായ്‌വേര് വളർന്നിട്ടുണ്ടെങ്കിൽ അതും കപ്പിന്റെ അടിവശത്തോട് ചേർത്ത് മുറിച്ചു മാറ്റും. അതിനുശേഷം പോളിഹൗസിനുള്ളിൽ ക്രമീകരിച്ചിരിക്കുന്ന സ്റ്റാൻഡുകളിൽ അടുക്കും. കപ്പുകളുടെ താഴ്ഭാഗം നിലത്തുനിന്നു രണ്ടുമൂന്ന് ഇഞ്ചെങ്കിലും ഉയർന്നു നിൽക്കുന്ന രീതിയിലാണ് സ്റ്റാൻഡിൽ ക്രമീകരിക്കുന്നത്. വേരുകൾ താഴേക്ക് വളരാതിരിക്കാനാണ് ഇങ്ങനെ നിലംതൊടാതൈകളായി വളർത്തുന്നത്. ദിവസവും രാവിലെയും വൈകിട്ടും നനച്ചു കൊടുക്കും. ദിവസങ്ങൾക്കുള്ളിൽ ബഡ്ഡുകണ്ണിൽ നിന്നും മുള പൊട്ടിത്തുടങ്ങും. പോളിഹൗസിലെ ഉയർന്ന ആർദ്രതയും ഊഷ്മാവും മൂലം കുമിൾരോഗബാധ ഉണ്ടാകാൻ സാധ്യത കൂടുതലാണ്. അതിനാൽ എല്ലാ ആഴ്ചയും കുമിൾനാശിനികൾ മാറിമാറി പ്രയോഗിക്കും. കപ്പിൽ മുളച്ച കുരു ഇട്ട് തൈയാക്കി ബഡ്ഡു ചെയ്യുന്നതു കൊണ്ട് വേരുപടലം സമൃദ്ധമായുണ്ടാകും. ഏകദേശം ഒന്നരമാസം കൊണ്ട് ഒരുതട്ട് ഇല വന്ന് മൂപ്പെത്തും. ഈ ഘട്ടത്തിലാണ് തൈകൾ വിപണനം ചെയ്യുന്നത്. വിപണനം ചെയ്യുമ്പോൾ നടേണ്ടരീതി, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വളപ്രയോഗം, രോഗപ്രതിരോധം എന്നിവയെക്കുറിച്ച് ഒരു ലഘുവിവരണം കൂടി കൊടുക്കാറുണ്ട്. ആർആർഐഐ 430, ആർആർഐഐ 105 എന്നീ ഇനങ്ങൾക്കാണ് ആവശ്യക്കാർ കൂടുതൽ. മുൻകൂറായി പണം അടച്ചാൽ മറ്റ് ഇനങ്ങളും ബഡ്ഡു ചെയ്ത് കൊടുക്കാറുണ്ട്. 10 ഏക്കറോളം സ്ഥലത്ത് പ്രമുഖ ഇനങ്ങളുടെ ബഡ്ഡുവുഡ് നഴ്സറി നിലനിർത്തിയിട്ടുണ്ട്. 60- ഓളം ഇനങ്ങളുടെ ബഡ്ഡുവുഡ് മാതൃവൃക്ഷങ്ങളടങ്ങിയ ഒരു ക്ലോൺ മ്യൂസിയവും ഇവിടെയുണ്ട്. ●





പി.കെ. രവിചന്ദർ
മാനേജിങ് ഡയറക്ടർ
പെരിയാർ ലാറ്റക്സ്

# തോട്ടം ഏറ്റെടുക്കൽ- ചില അനുഭവങ്ങൾ

**റബ്ബർതോട്ടങ്ങളിൽ കർഷകർ ആവശ്യപ്പെടുന്ന സേവനങ്ങൾ ലഭ്യമാക്കി ടാപ്പിങ്ങിലേക്ക് തിരികെക്കൊണ്ടുവരുന്നതിന് ഉത്പാദകസംഘങ്ങളുടെയും റബ്ബർബോർഡ് കമ്പനികളുടേയും സംയുക്തപങ്കാളിത്തത്തോടെ റബ്ബർബോർഡ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി പെരിയാർ ലാറ്റക്സ് കമ്പനി റബ്ബർതോട്ടങ്ങളിൽ കർഷകർക്കാവശ്യമായ സേവനങ്ങൾ നൽകി വരുന്നു. ഈ സേവനങ്ങൾ പ്രയോജനപ്പെടുത്തിയ കേരള ഹൈക്കോടതി മുൻആക്ടിങ് ചീഫ് ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായരുടെ അനുഭവമാണ് ലേഖനത്തിൽ ഉൾപെടുത്തിയിട്ടുള്ളത്.**

കഴിഞ്ഞ ഏതാനും വർഷങ്ങളായി റബ്ബറിന് വിലകുറഞ്ഞു നിൽക്കുന്നു. ചരിത്രം പരിശോധിച്ചാൽ ഏതാണ്ട് 10-15 വർഷങ്ങളുടെ ഇടവേളകളിൽ റബ്ബറിന് വിലയിടിവ് ഉണ്ടാകാറുണ്ടെങ്കിലും ഏതാനും മാസങ്ങൾക്കു ശേഷം നല്ല വിലയിലേക്ക് തിരിച്ചുവരാറുണ്ട് എന്നു കാണാം. എന്നാൽ ഈ പ്രാവശ്യം വിലയിടിവ് വർഷങ്ങൾ നീണ്ടുപോയിരിക്കുന്നു. കർഷകർ നിരാശയിലാകുകയും തങ്ങളുടെ തോട്ടങ്ങൾ ടാപ്പുചെയ്യാതെ ഉപേക്ഷിക്കുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്തു. ടാപ്പർമാരുടെ ദൗർലഭ്യമാണ് മറ്റൊരു പ്രധാന കാരണം. കൂടാതെ മറ്റു വരുമാനമുള്ളവർ, പ്രവാസികൾ തുടങ്ങിയവർ ലാഭക്കുറവുകാരണം തങ്ങളുടെ തോട്ടങ്ങൾ ടാപ്പുചെയ്യിക്കാൻ മടി കാണിക്കുന്നു. ഇത് ഭാവിയിൽ രാജ്യത്തെ റബ്ബറിന്റെ ലഭ്യത ഗണ്യമായി കുറയാൻ ഇടയാകും. രാജ്യത്ത് ആവശ്യമായ റബ്ബറിന്റെ ലഭ്യതക്കുറവ് കൂടുതൽ ഇറക്കുമതിക്ക് കാരണമാകും. ഇങ്ങനെയൊരു സ്ഥിതിവിശേഷത്തിന് പരിഹാരമെന്നോണമാണ് ടാപ്പുചെയ്യാതെ ഉപേക്ഷിക്കപ്പെട്ട തോട്ടങ്ങളിൽ



*ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായരോടൊപ്പം ലേഖകൻ*

കർഷകർ ആവശ്യപ്പെടുന്ന സേവനങ്ങൾ ലഭ്യമാക്കി ടാപ്പിങ്ങിലേക്ക് തിരികെ കൊണ്ടുവരുന്നതിന് ഉത്പാദകസംഘങ്ങളുടെയും റബ്ബർബോർഡുകമ്പനികളുടേയും സംയുക്ത പങ്കാളിത്തത്തോടെ റബ്ബർബോർഡ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള പെരിയാർ ലാറ്റക്സ് എന്ന കമ്പനി തങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്ന ഇടുക്കിജില്ല, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്ക്, കോട്ടയം ജില്ലയിലെ വൈക്കം താലൂക്ക് എന്നിവിടങ്ങളിലെ ഏതാനും റബ്ബർതോട്ടങ്ങൾ കർഷകർക്കാവശ്യമായ സേവനങ്ങൾ നൽകി ടാപ്പിങ്ങിലേക്ക് തിരികെ കൊണ്ടുവന്നിരിക്കുന്നു. ഈ വർഷം ചെറിയ സംരംഭമായി തുടങ്ങിയ ഈ പദ്ധതി വരുംവർഷങ്ങളിൽ കൂടുതൽ കർഷകരിലേക്ക് എത്തിക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതിയുടെ ഭാഗഭാക്കായ കേരള ഹൈക്കോടതി മുൻ ആക്ടിങ് ചീഫ് ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ കമ്പനിയുടെ സേവനത്തിൽ പ്രകടിപ്പിച്ച പൂർണ്ണ വിശ്വാസവും അദ്ദേഹത്തിന്റെ വാക്കുകളും ഈ സംരംഭത്തിന് പ്രചോദനമാകുന്നു.

### രാമചന്ദ്രൻ നായരുടെ തോട്ടം

വൈക്കം താലൂക്കിലെ മരങ്ങോലിയിൽ ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർക്കും സഹോദരങ്ങളായ റിട്ട. ഐ.എ.എസ്. ഓഫീസർ സി.എൻ.എസ്. നായർ, റിട്ട. ഐ.ആർ.എസ്. ഓഫീസർ സി.എൻ.ബി. നായർ, റിട്ട. കേണൽ സി.എൻ.എം. നായർ, ഡോ. ഗീത, ഡോ. സേതുലക്ഷ്മി എന്നിവർക്ക് ജന്മസ്വത്തായി കിട്ടിയ പത്തേക്കറോളം സ്ഥലത്ത് റബ്ബർകൃഷിയുണ്ട്. നാട്ടിൽ നിന്ന് അകന്നു ജീവിക്കുന്നതിനാലും ടാപ്പിങ്, തോട്ട പരിപാലനം എന്നിവക്ക് ആളെ ലഭ്യമല്ലാത്തതിനാലും ഈ തോട്ടങ്ങൾ ഉപേക്ഷിക്കപ്പെട്ട നിലയിലായിരുന്നു. പെരിയാർ ലാറ്റക്സ് കമ്പനിയുടെ തോട്ടം ഏറ്റെടുക്കൽ പദ്ധതിയെപ്പറ്റി തന്റെ ഒരു സുഹൃത്തുവഴി മനസ്സിലാക്കിയ അദ്ദേഹം കമ്പനിയുമായി ബന്ധപ്പെട്ടു. തുടർന്ന് മൂർക്കാട്ടിപ്പടി ഉത്പാദകസംഘം പ്രസിഡന്റ് ഭക്തകുമാറിന്റെ സഹായത്തോടെ തോട്ടത്തിലേക്ക് ടാപ്പറെ ഏർപ്പാടാക്കി. കളനാശനം, വളമിടീൽ, റെയിൻഗാർഡിങ് തുടങ്ങിയ സേവനങ്ങൾ സമയബന്ധിതമായി തീർക്കുകയും ചെയ്തു. കമ്പനിവഴിയാണ് അദ്ദേഹത്തിന്റെ തോട്ടത്തിൽനിന്നുള്ള റബ്ബർപാൽ വിപണം ചെയ്യുന്നത്.

ഇന്ന് രാമചന്ദ്രൻനായർ സാർ റബ്ബർകൃഷിയിൽ പൂർണ സംതൃപ്തനാണ്. മതിയായ സംരക്ഷണമില്ലാതെ, ടാപ്പു ചെയ്യാതെ ഉപേക്ഷിക്കപ്പെട്ട നിലയിലായിരുന്ന തോട്ടത്തിൽ നിന്ന് അദ്ദേഹത്തിന് ന്യായമായ ഉത്പാദനം, മൂന്നുദിവസത്തിലൊരിക്കലുള്ള ടാപ്പിങ്ങിലൂടെ ലഭിക്കുന്നു. ഈ പദ്ധതിയെപ്പറ്റി തന്റെ വ്യക്തമായ അഭിപ്രായങ്ങളും അദ്ദേഹം ലേഖകനോട് പങ്കുവെച്ചു. അത് ഇപ്രകാരമാണ്.

1. റബ്ബർബോർഡ്കമ്പനികളും ഉത്പാദകസംഘങ്ങളും സംയുക്തമായി നടത്തുന്ന ഈ പദ്ധതിവഴി കർഷകർക്ക്



*ബിജു വി.തോട്ടം (വലത്) തന്റെ തോട്ടത്തിൽ ഡെപ്യൂട്ടി റബ്ബർപ്രൊഡക്ഷൻകമ്മീഷണർ പി.എം. സോമശേഖരനൊപ്പം*




*മറവന്തുരുത്തിൽ ശ്രീകുമാറിന്റെ തോട്ടത്തിലെ കളകളെ നീക്കം ചെയ്യുന്നു.*

ഇടനിലക്കാരില്ലാതെ പരമാവധി പ്രയോജനം ലഭിക്കുന്നു.

2. റബ്ബർപാൽ വിപണിയിലുള്ള ഡി.ആർ.സി. (ഉണക്കത്തൂക്കം) ചൂഷണം ഒഴിവാകുന്നു.

3. തോട്ടം ഏറ്റെടുക്കൽ പദ്ധതിയിൽവരുന്ന കർഷകർക്ക് വിലസ്ഥിരതാഫണ്ടുപോലുള്ള ഗവണ്മെന്റ് ആനുകൂല്യങ്ങൾ അവരുടെ ഉത്പന്നം വിപണനം ചെയ്യുന്ന റബ്ബർബോർഡ് കമ്പനിവഴി ലഭിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം.

4. ഈ തോട്ടങ്ങൾക്കാവശ്യമായ ഉത്പാദനോപാധികൾ ബോർഡ് കമ്പനികളിലൂടെ സബ്സിഡി നൽകി വിതരണം ചെയ്യണം.

5. ടാപ്പിങ് കുറ്റമറ്റതാക്കാൻ വേണ്ട ശാസ്ത്രീയ പരിശീലനങ്ങൾ, ടാപ്പിങ് തൊഴിലാളികളുടെ ജീവിത നിലവാരമുയർത്താനും അവർക്ക് സമൂഹത്തിൽ അന്തസ്സായ സ്ഥാനം ഉറപ്പാക്കാനുമുള്ള പദ്ധതികൾ നടപ്പിലാക്കണം.

കൂടാതെ, റബ്ബർബോർഡ് നടപ്പിലാക്കുന്ന വിലസ്ഥിരത പദ്ധതി (ആർ.പി.ഐ.എസ്) യുടെ ആനുകൂല്യം അർഹരായ കൃഷിക്കാർ മാത്രം കൈപ്പറ്റുന്നുവെന്ന് ബോർഡ് ഉറപ്പാക്കേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി.

റബ്ബർബോർഡുകമ്പനികളും ഉത്പാദകസംഘങ്ങളും പരസ്പരം കൈകോർത്ത് നടപ്പിലാക്കുന്ന തോട്ടം ദത്തെടുക്കൽ പദ്ധതി കർഷകർ നല്ല മനസ്സോടെ സ്വീകരിക്കുമെന്നും അതുവഴി ഒരു പുതിയ തോട്ടവിളസംസ്കാരം പ്രാവർത്തികമാക്കാൻ ഇടയാക്കുമെന്നും അദ്ദേഹം പ്രത്യാശിച്ചു.

*** *** ***

ഈ പദ്ധതിയിൽ പെരിയാർ ലാറ്റക്സുമായി സഹകരിക്കുന്ന മറ്റൊരു കർഷകനാണ് ബിജു വി.തോട്ടം, മൂവാറ്റുപുഴയിലെ ബിസിനസ്സുകാരനും, പ്ലാന്ററുമായ അദ്ദേഹത്തിന്റെ തൊടുപുഴയിലെ ചക്കിക്കാവിലുള്ള 30 ഏക്കർ തോട്ടം ഉപേക്ഷിക്കപ്പെട്ട നിലയായിരുന്നു. തൊടുപുഴ റബ്ബർബോർഡ് ഡെപ്യൂട്ടി റബ്ബർപ്രൊഡക്ഷൻകമ്മീഷണർ പി.എം. സോമശേഖരന്റെ നിർദ്ദേശപ്രകാരം കമ്പനി ഈ തോട്ടത്തിൽ മതിയായ ടാപ്പർമാരെ ഏർപ്പാടാക്കി. സമീപസ്ഥലത്തെ ഉത്പാദകസംഘങ്ങളുടെ സഹായത്തോടെ തോട്ടസംരക്ഷണപ്രവർത്തനങ്ങൾ തീർത്ത് റെയിൻഗാർഡ് ചെയ്തു. മൂന്നുദിവസത്തിലൊരിക്കൽ ടാപ്പുചെയ്ത് റബ്ബർപാൽ പെരിയാർ ലാറ്റക്സ് വഴി വിപണനം ചെയ്യുന്നു.

വൈക്കംതാലൂക്കിലെ ഏറ്റവും പിന്നാക്ക റബ്ബർമേഖലയായ മറവൻതുരുത്ത് പഞ്ചായത്തിലെ ചെറുകിട നാമമാത്രകർഷകർ ടാപ്പിങ്തൊഴിലാളികളുടെ ദൗർലഭ്യത്താൽ ടാപ്പുചെയ്യാതെ ഉപേക്ഷിച്ചിരുന്ന പതിനഞ്ചോളം തോട്ടങ്ങൾ മറവൻതുരുത്ത് ഉത്പാദകസംഘത്തിന്റേയും കമ്പനിയുടേയും ഇടപെടലിലൂടെ ടാപ്പിങ്ങിലേക്ക് തിരിച്ചുവന്നു.

മേൽസൂചിപ്പിച്ച കർഷകരെല്ലാം ഈ പദ്ധതി സർവ്വാത്മനാ സ്വീകരിച്ചുകഴിഞ്ഞു. തോട്ടങ്ങൾ സംരക്ഷിക്കുന്നതിനും ശാസ്ത്രീയമായി റബ്ബർപാൽ സംസ്കരിക്കുന്നതിനും വിദഗ്ധടാപ്പർമാരുടെ സേവനം ലഭ്യമാക്കുന്നതിനും ഉത്പാദകസംഘങ്ങളും റബ്ബർബോർഡ് കമ്പനികളും തയ്യാറാണ് എന്ന സത്യം മനസ്സിലാക്കി കൂടുതൽ കർഷകർ ഈ പദ്ധതിയുമായി സഹകരിച്ച് തങ്ങളുടെ തോട്ടങ്ങൾ ടാപ്പുചെയ്യാൻ തയ്യാറാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. •



കെ.കെ. ബെന്നി
ഫാം ഓഫീസർ

# വേനലിലും റബ്ബർ കരുത്തോടെ വളരാൻ

**റബ്ബറിൽ വേനൽകാലസംരക്ഷണനടപടികൾ വേനൽ തുടങ്ങുന്നതിനു മുന്നേ ചെയ്യണം. വേനൽകാലത്ത് ഉണക്കേറ്റും തീപിടിച്ചും റബ്ബർതൈകളും മരങ്ങളും നശിക്കുക പതിവാണ്. കടുത്ത ചൂടിൽനിന്ന് തൈകൾക്ക് സംരക്ഷണം നൽകേണ്ട സമയമാണിത്. തീപിടുത്തമുണ്ടാകാതിരിക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും തൈകൾക്കു നൽകേണ്ട പരിചരണങ്ങളെക്കുറിച്ചും ലേഖനത്തിൽ വിവരിച്ചിരിക്കുന്നു.**

കേരളത്തിലെ കാലാവസ്ഥയനുസരിച്ച് തുലാവർഷം പെയ്തുകഴിഞ്ഞാൽപിന്നെ വേനൽ തുടങ്ങുകയായി. ഓരോ വർഷവും വേനലിന്റെ കാഠിന്യം കൂടി വരികയാണ്. വേനലിനെ ഏറെക്കുറെ ചെറുത്തുനിൽക്കാൻ കഴിവുള്ള ഒരു വിളയാണ് റബ്ബറെങ്കിലും ഏകദേശം അഞ്ചാറുമാസം നീണ്ടുനിൽക്കുന്ന വേനലിൽ പിടിച്ചുനിൽക്കണമെങ്കിൽ ചിലകാര്യങ്ങൾ കർഷകരും ചെയ്യേണ്ടതുണ്ട്. ഇവയെല്ലാം ഉണക്കു തുടങ്ങുന്നതിനു മുന്നേചെയ്യുതാണ് കൂടുതൽ ഫലപ്രദം.

## പുതയിടീൽ

റബറിന്റെ വേനൽക്കാലസംരക്ഷണനടപടികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പുതയിടീൽ. പല കർഷകരും വേനൽ കടുത്ത്, മണ്ണുണങ്ങിയശേഷമാണ് പുതയിടുന്നത്. ഇത് വേണ്ടത്ര പ്രയോജനം ചെയ്യില്ല. മണ്ണിൽ നല്ല ഈർപമുള്ളപ്പോൾതന്നെ പുതയിട്ടാൽ ഈ ഈർപം പരമാവധി സംരക്ഷിക്കപ്പെടും. പുതയിട്ട മണ്ണിൽ സൂര്യപ്രകാശം നേരിട്ടുപതിക്കാത്തതിനാൽ ദീർഘകാലത്തേക്ക് മണ്ണുണങ്ങാതെ ജലാംശം തൈകൾക്ക് കിട്ടുകയും ചെയ്യും.



*പുതയിടീൽ*



*തൈകൾ മറച്ചുകെട്ടുന്നു*

പുതയിടുന്നതിനുമുന്നേ തൈകളുടെ ചുവട്ടിലെ കളകൾ നീക്കി മണ്ണ് ചെറുതായിട്ടൊന്ന് ഇളക്കുന്നത് നല്ലതാണ്. തൈയുടെ വേരിനു ക്ഷതമേൽക്കാത്തരീതിയിൽവേണം മണ്ണിളക്കാൻ. ഒരു മുപ്പല്ലി (ഫോർക്ക്) ഉപയോഗിച്ച് നാലഞ്ചുസെൻറീമീറ്റർ ആഴത്തിൽ ചെറുതായി മേൽമണ്ണ് ഒന്നു പൊട്ടിച്ചുകൊടുത്താൽമതി. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് മണ്ണിലെ സൂക്ഷ്മരന്ധ്രങ്ങൾ (capillary tubes) വഴി വെള്ളം മണ്ണിനുമുകളിലെത്തി നീരാവിയായിപോകുന്നത് തടയാൻ കഴിയുന്നു. മാത്രമല്ല, ഇടയ്ക്കു കിട്ടാറുള്ള വേനൽമഴയിൽ പരമാവധി വെള്ളം മണ്ണിലേക്ക് ആഴ്ന്നിറങ്ങുതിനും ഈ മണ്ണിളക്കൽ സഹായിക്കുന്നു.



## പുതയിടേണ്ടത് എങ്ങനെ?

പുതയിടുതിനായി ഏതുതരം ജൈവവസ്തുക്കളും ഉപയോഗിക്കാം. തൈകൾക്കുചുറ്റും, ചുവട്ടിൽ നിന്ന് ഏക ദേശം ഒരു മീറ്റർ അകലം വരെയാണ് പുതയിടേണ്ടത്. തൈകളുടെ തണ്ടിൽനിന്നും അഞ്ചെട്ടു സെൻറീമീറ്റർ വിട്ടുവേണം പുതയിടാൻ. നന്നായി ഉണങ്ങിയ ജൈവവസ്തുക്കളാണ് പുതിയിടാൻ ഉത്തമം. തോട്ടത്തിൽ നിന്നു നീക്കംചെയ്യുന്ന കളകൾ, ചപ്പുചവറുകൾ, കരിയില, ചകിരിത്തൊണ്ട്, ചകിരിച്ചോറ്, വൈക്കോൽ, ആവ രണവിളയുടെ വള്ളികൾ തുടങ്ങിയവ പുതയിടാനായി ഉപയോഗിക്കാവുതാണ്. പച്ചിലകളും വള്ളിച്ചെടികളും വെട്ടി, രണ്ടോമൂന്നോ ദിവസം തോട്ടത്തിൽതന്നെയിട്ട് ഉണക്കിയശേഷംവേണം തൈകളുടെ ചുവട്ടിൽവയ്ക്കാൻ. പച്ചിലകൾ വാടുമ്പോളുണ്ടാകുന്ന ചൂടേറ്റ് തൈത്തണ്ടിന് കേടുപറ്റാതിരിക്കാനാണ് ഇങ്ങനെ ഉണക്കുന്നത്.

## പുതയിടുന്നതുകൊണ്ടുള്ള ഗുണങ്ങൾ

വേനൽക്കാലത്ത് സൂര്യപ്രകാശം നേരിട്ട് മണ്ണിൽ പതിക്കുന്നത് മണ്ണിന്റെ ആരോഗ്യത്തെ ബാധിക്കും. തൈകളുടെ ചുവട്ടിൽ പുതയിടുന്നത് സൂര്യപ്രകാശം നേരിട്ട് മണ്ണിൽ പതിക്കുന്നതു തടയും. മണ്ണിന്റെ ഘടനയും സ്വഭാവവും മെച്ചപ്പെടുത്തുക, കളകൾ നിയന്ത്രിക്കുക, മണ്ണിലേക്ക് വെള്ളം ആഴ്ന്നിറങ്ങുന്നതിനും ഈർപ്പം നിലനിർത്തുന്നതിനും സഹായിക്കുക, മണ്ണിലെ സൂക്ഷ്മജീവികളുടെ വളർച്ച ത്വരിതപ്പെടുത്തുക എന്നിവയും പുതയിടീൽ കൊണ്ടുള്ള മെച്ചങ്ങളാണ്. പുതയിടുന്നതുമൂലം പകലും രാത്രിയും മണ്ണിന്റെ താപനിലയിലുണ്ടാകുന്ന വ്യതിയാനം കുറവായിരിക്കും. ഇത് വേരിന്റെ വളർച്ചയെ സഹായിക്കും. പുതയിടുന്നതിനായി ഉപയോഗിക്കുന്ന ജൈവവസ്തുക്കൾ കാലക്രമത്തിൽ മണ്ണിൽ അഴുകിച്ചേർന്ന് മണ്ണിന്റെ ഫലപുഷ്ടിയും വർദ്ധിക്കും.

## വെള്ളപൂശൽ

ചെറുതൈകൾ വളർന്ന് തണ്ടിൽ വെയിലടിക്കാത്ത വിധം ഇലകൾവന്നു മൂടുന്നതുവരെ തായ്ത്തടിയിൽ വെള്ളപൂശണം. സൂര്യപ്രകാശം വെളുത്ത പ്രതല ത്തിൽ തട്ടുമ്പോൾ ചൂട് ആഗിരണം ചെയ്യപ്പെടാതെ പ്രതിഫലിച്ചു പോകുന്നു എന്നതാണ് വെള്ളപൂശലിനു പിന്നിലെ തത്വം. പച്ചനിറം മാറി ബ്രൗൺ നിറമായിട്ടുള്ള



*ഫയർബെൽറ്റ് നിർമ്മിക്കുന്നു*

ഭാഗങ്ങളിൽ വെള്ളപൂശാം. നല്ല നീറ്റുകക്ക ചൂടുവെള്ള മൊഴിച്ച് നീറ്റിയെടുത്താൽ കിട്ടുന്ന ചുണ്ണാമ്പുപയോഗിച്ചുവേണം വെള്ളപൂശാൻ. ചുണ്ണാമ്പിൽ കുറച്ചു കഞ്ഞിവെള്ളമോ പശയോ (കാർഷികാവശ്യത്തിനുപയോഗിക്കുന്നത് ) ചേർത്തടിച്ചാൽ, വേനൽമഴയിൽ വെള്ളപൂശിയത് ഒലിച്ചുപോകാതിരിക്കും. വെള്ളപൂശാനുപയോഗിക്കുന്ന ചുണ്ണാമ്പിൽ തുരിശു ചേർക്കരുത്.

### മറച്ചുകെട്ടൽ

വേനലിൽ ചെറുതൈകളെ ശക്തമായ സൂര്യപ്രകാശത്തിൽ നിന്നും സംരക്ഷിക്കുന്നതിന് ചൂടൽ കൊടുക്കുന്നത് നന്നായിരിക്കും. പ്രത്യേകിച്ചും തെക്കുവശത്തേയ്ക്കോ പടിഞ്ഞാറുവശത്തേയ്ക്കോ ചെരിവുള്ള ഭൂമിയിൽ. കാരണം ഇവിടെ സൂര്യപ്രകാശം പതിക്കുന്നതിന്റെ കാഠിന്യം കൂടുതലായിരിക്കും. മെടഞ്ഞതോ മെടയാത്തതോ ആയ തെങ്ങോലയോ ചാക്കുകളോ ഉപയോഗിച്ച് മറച്ചുകെട്ടാം. ചൂടൽ കൊടുക്കുമ്പോൾ തൈയുടെ ചുവട്ടിൽനിന്നും കുറച്ചുവിട്ട് തെക്കു - പടിഞ്ഞാറു വശത്ത് ഒരു കമ്പു നാട്ടി അതിൽവേണം ചൂടൽ കെട്ടിവയ്ക്കാൻ. അല്ലാതെ, തൈകൾ പൂർണമായും മൂടിക്കെട്ടുന്നത് നല്ലതല്ല.

### ഇടവിളക്കൃഷി

തൈകൾ നട്ട് മൂന്നു വർഷം വരെ തോട്ടത്തിൽ അനുവദനീയമായ ഇടവിളകൾ കൃഷി ചെയ്യുന്നത് തൈകളെ ഒരു പരിധി വരെ വേനലിൽ നിന്ന് രക്ഷിക്കും. റബ്ബറുമായി മത്സരിച്ചു വളരാത്തതും ആവശ്യത്തിനു തണൽ നൽകുന്നതുമായ വിവിധയിനം വാഴകൾ ഇതിനു യോജിച്ചവയാണ്. വിളവെടുപ്പിനു ശേഷം വാഴയുടെ അവശിഷ്ടങ്ങൾ പുതയിടാനായി ഉപയോഗിക്കാം.

### ടാപ്പു ചെയ്യുന്ന തോട്ടങ്ങളിൽ

ടാപ്പു ചെയ്യുന്ന തോട്ടങ്ങളിലെ വെട്ടുപട്ടയിൽ വേനലിനെ ചെറുക്കാനായി പ്രത്യേകിച്ചൊന്നും പുരട്ടേണ്ടതില്ല. തോട്ടത്തിന്റെ അതിരിൽ (തെക്കുവശത്തും പടിഞ്ഞാറുവശത്തും) നിൽക്കുന്ന മരങ്ങളിൽ വെയിലടിക്കുന്നുണ്ടെങ്കിൽ മാത്രം ആ ഭാഗത്ത് ചുണ്ണാമ്പുപയോഗിച്ച് വെള്ളപൂശിയാൽ മതി.

### ഫയർ ബെൽറ്റ്

വേനൽ രൂക്ഷമാകുന്നതോടെ റബ്ബർതോട്ടങ്ങളിൽ തീപിടുത്തം ഉണ്ടാകാനുള്ള സാധ്യത കൂടുതലായിരിക്കും. ഡിസംബർ - ജനുവരി മാസങ്ങളിൽ സ്വാഭാവിക ഇലകൊഴിച്ചിൽ മൂലം കൊഴിഞ്ഞുവീണ ഇലകൾ ഉണങ്ങിക്കിടക്കുന്നതും ഉണങ്ങിയ പുല്ലുകളും കളകളും ആവരണവിളകളുടെ ഉണങ്ങിയ ഭാഗങ്ങളുമെല്ലാം തീ പടരുന്നതിനുള്ള സാധ്യത കൂട്ടും. വഴിയരികിലുള്ള തോട്ടങ്ങളിലാണ് പ്രത്യേകശ്രദ്ധ ആവശ്യമായിട്ടുള്ളത്. അശ്രദ്ധയോടെ വലിച്ചെറിയുന്ന, ഒരു ബീഡിക്കുറ്റിയിലെ തീ മതി വലിയൊരു നാശത്തിന് കാരണമാകാൻ.

അതുകൊണ്ട് തോട്ടത്തിനു ചുറ്റും 3 മുതൽ 5 വരെ മീറ്റർ വീതിയിൽ റോഡുപോലെ (ഫയർബെൽറ്റ്) കരിയിലകളും ചപ്പുചവറുകളും നീക്കംചെയ്യണം. വേനൽ തീരുന്നതുവരെ ഇടയ്ക്കിടയ്ക്ക് ഈ ഫയർ ബെൽറ്റ് തൂത്തുവൃത്തിയാക്കുന്നത് തോട്ടത്തിലേക്ക് തീ പടരാതിരിക്കാൻ സഹായിക്കും. തീ പിടുത്തസാധ്യത സൂചിപ്പിക്കുന്ന മുന്നറിയിപ്പു ബോർഡുകൾ ഈ ഭാഗത്ത് സ്ഥാപിക്കുന്നതും ആളുകളുടെ ശ്രദ്ധയാകർഷിക്കുന്നതിന് നല്ലതാണ്. ●





എം.ജി. സതീഷ്ചന്ദ്രൻ
ഡെപ്യൂട്ടി ഡയറക്ടർ, (പി&പി.ആർ.)

# ടയറിൽ ഇഞ്ചിയും ചേനയുമായി
# ജോയി ഇഞ്ചാനാൽ

**ഉപയോഗശൂന്യമായ പഴയ ടയറുകളുപയോഗിച്ച് ചെടിച്ചട്ടികൾ, ഊഞ്ഞാലുകൾ, ചെറുമീൻ കുളങ്ങൾ തുടങ്ങി വിവിധങ്ങളായ വസ്തുക്കൾ നിർമ്മിക്കുന്ന ഒരു കർഷകനെക്കുറിച്ചാണ് ലേഖനത്തിൽ പ്രതിപാദിക്കുന്നത്.**

ഒന്നരക്കൊല്ലം മുൻപ് പഴയ ടയർ ഉപയോഗിച്ചു നിർമ്മിച്ച ഒരു 'പാത്രം' യാദൃച്ഛികമായി കാണുമ്പോൾ അതിന്റെ 'അനന്തസാദ്ധ്യത'കളെപ്പറ്റി തൊടുപുഴ കാക്കൊമ്പിനടുത്ത് ഇഞ്ചാനാൽ ജോയിക്ക് വലിയ ധാരണകളൊന്നുമുണ്ടായില്ല. എങ്കിലും അത്തരമൊന്ന് നിർമ്മിച്ചു നോക്കണമെന്ന് മനസ്സിലുറച്ചു. പാത്രത്തിന്റെ നിർമ്മാതാവിനെ കാണാഞ്ഞതുകൊണ്ട് 'നിർമ്മാണരഹസ്യം' നേരിട്ട് പഠിക്കാനുമായില്ല. അതിനാൽ വാക്കത്തിയും ഉളിയും ചുറ്റികയും ഹാക്സോബ്ലേഡുമൊക്കെക്കൊണ്ട് പഴയ ടയറുകളുമായി പലനാളിലെ മൽപിടുത്തത്തിനുശേഷം ജോയി സ്വന്തം രീതി വികസിപ്പിച്ചെടുക്കുകതന്നെ ചെയ്തു. ഇന്നിപ്പോൾ ടയറുകൾകൊണ്ട് ജോയി നിർമ്മിച്ചെടുക്കുന്നത് ചെടിച്ചട്ടികൾ, ഊഞ്ഞാലുകൾ, ചെറുമീൻകുളങ്ങൾ,





ഇഞ്ചിയും ചേനയും കപ്പയും കപ്പളവുമൊക്കെ കൃഷി ചെയ്യാൻ പറ്റുന്ന ഗ്രോബാഗുകൾ എന്നിങ്ങനെ പലതും. ടെറസ്‌കൃഷിക്കും ഇവ യോജിച്ചതാണ് വിസ്മയിപ്പിക്കുന്ന കരവിരുതും വൈവിദ്ധ്യവുമാണ് ജോയിയുടെ പ്രോഡക്ട് റേഞ്ചിന്. ഭംഗിയും ഉപയോഗക്ഷമതയും കണ്ട് ആവശ്യക്കാർ വരാൻ തുടങ്ങിയതോടെ ജോയി ഇതൊരു ചെറുകിടവാണിജ്യസംരംഭം കൂടിയാക്കി. ഇപ്പോൾ കേരളത്തിൽ പലേടത്തും എത്തിയിട്ടുണ്ട് ഈ ടയർചട്ടികൾ. ഒരു കൗതുകം എന്ന നിലയ്ക്കാണ് ജോയി ഇതാരംഭിച്ചത്. അങ്ങനെയിരിക്കെയാണ് ടയർചട്ടിയിൽ ഇഞ്ചിനട്ടാലോ എന്നൊരാലോചന വന്നത്. ഇഞ്ചിവിത്തു വാങ്ങാൻ തൊടുപുഴയിലെ 'കാഡ്' സിന്റെ ഓപ്പൺമാർക്കറ്റിൽ ചെന്നപ്പോഴുണ്ടായ സൗഹൃദസംഭാഷണത്തിന്റെ ഫലമായാണ് പ്രദർശനത്തിനായി രണ്ടുചട്ടികൾ ഓപ്പൺമാർക്കറ്റിൽ വയ്ക്കുന്നതിന്റെ സാധ്യതകൾ അവർ ആരാഞ്ഞത്. തുടർന്ന് ജോയി കടയിൽ നൽകിയ ചട്ടികൾ താമസം വിനാ ആൾക്കാർ വാങ്ങിക്കൊണ്ടുപോയി. അതോടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനം തുടങ്ങി.

കട്ടിയുള്ളതും ഉള്ളിൽ കമ്പികൾ ഉള്ളതുമായ ടയറുകളോടു യുദ്ധം ചെയ്യുക അത്ര എളുപ്പമല്ല. നിരവധി ഉപകരണങ്ങൾ പ്രയോഗിച്ചു നോക്കിയശേഷം ടയർ അറുത്തുമുറിക്കാനുള്ള ഒരു പ്രത്യേകതരം കത്തി ജോയി തന്നെ രൂപകല്പന ചെയ്തു നിർമ്മിച്ചെടുത്തു. ടയറിൽ കമ്പികൾ ഇല്ലാത്ത ഭാഗം കണ്ടെത്തി അതുവഴി മുറിച്ചെടുത്താണ് ജോയി ചെടിച്ചട്ടികൾ നിർമ്മിക്കുന്നത്. ഇതിനായി ടയർ 'അകംപുറം' മറിച്ചെടുക്കുന്നു.





മണ്ണു നിറച്ചശേഷം അങ്ങോട്ടുമിങ്ങോട്ടും മാറ്റണമെങ്കിൽ ടയർചട്ടിയുടെ ഒരുവശം അടയ്ക്കണം. അതിനും പല മാർഗങ്ങൾ പരീക്ഷിച്ചശേഷമാണ് കമ്പികെട്ടി കോൺക്രീറ്റ് ചെയ്യുക എന്നതിലേക്കെത്തിയത്. ചെടികളും മറ്റും നടാനാണെങ്കിൽ കോൺക്രീറ്റിൽ ഒരു ദ്വാരമിടും. എന്നാൽ ചെറിയ ഗപ്പിമീനുകളെയും മറ്റ് വളർത്തത്തക്കരീതിയിൽ 'ലീക്ക് പ്രൂഫാ'യി കോൺക്രീറ്റ് ചെയ്യുന്ന വിദ്യയും ജോയിക്കു വശമാണ്.

## കാതോടു കാതോരം

കാര്യമായ മാർക്കറ്റിങ് ശ്രമം ഒന്നും നടത്താതെ പറഞ്ഞുകേട്ടാണ് ജോയിയുടെ ചട്ടികൾക്ക് ആവശ്യക്കാരെത്തുന്നത്. തൊടുപുഴ കാഡ്സിന്റെ ഓപ്പൺമാർക്കറ്റിലൂടെ ഇപ്പോഴും ചട്ടികളും ഊഞ്ഞാലുകളുമൊക്കെ വിറ്റു പോകുന്നു. ചെറിയ ടയറുകളിൽ നിന്നുണ്ടാക്കിയ ഏതാനും ചട്ടികളിൽ അലങ്കാരപ്പുല്ലു വച്ചുപിടിപ്പിച്ച് സമീപത്തെ പള്ളിയിൽ ജോയി നൽകിയിരുന്നു. കഴിഞ്ഞദിവസം പള്ളിയിൽ സന്ദർശനത്തിനെത്തിയ തൊടുപുഴ ഡിപോൾ സ്കൂളിലെ അച്ചൻ സ്കൂളിനുവേണ്ടി അൻപതു ചട്ടികളാണ് ഓർഡർ ചെയ്തത്.

തിരുവനന്തപുരത്തുനിന്ന് ജോയിയെ സന്ദർശിക്കാനെത്തിയ സഹോദരി ലൂസിയാമ്മ കാറിൽ ഏതാനും ടയർചട്ടികളുമായാണ് മടങ്ങിയത്. (തിരുവനന്തപുരം മെഡിക്കൽ കോളജിൽ നഴ്സിങ് പ്രൊഫസറായ ലൂസിയാമ്മ ഈ വർഷത്തെ മികച്ച നഴ്സിങ് അധ്യാപികയ്ക്കുള്ള ഏഷ്യാനെറ്റ് അവാർഡ് ജേതാവാണ്.) ഇതു കാണാനിടയായ സഹോദരിയുടെ അയൽക്കാരും ആവശ്യക്കാരായി. കൊണ്ടെത്തിക്കാനുള്ള അസൗകര്യം നിമിത്തം ദൂരേക്കുള്ള കച്ചവടം കാര്യമായി നടക്കുന്നില്ലെന്നു മാത്രം.

## കൃഷിവിശേഷങ്ങൾ

അടിസ്ഥാനപരമായി കൃഷിക്കാരനായ ജോയിക്ക് ഒൻപതേക്കർ സ്ഥലമാണുള്ളത്. എട്ടേക്കറിലും റബ്ബർ കൃഷി തന്നെ. നൂറ്റഞ്ചാണ് മുഴുവൻ. രണ്ടുബ്ലോക്കായി ത്തിരിച്ച്, ആഴ്ചയിൽ ഒരുദിവസം അവധിയോടെ, ഒന്നിരാടൻ ടാപ്പു ചെയ്യുന്നു. ബാക്കിസ്ഥലത്ത് ജാതി, തേക്ക്, മഹാഗണി എന്നിവയാണ് കൃഷി.

കൃഷിയും വിളവെടുപ്പും സംസ്കരണവും അതോടൊപ്പം ടയർചട്ടിനിർമ്മാണവുമൊക്കെ ജോയി തനിച്ചാണു ചെയ്യുന്നത്. ഇതിനുപുറമേ പി.വി.സി. ഉപയോഗിച്ച് ചെറുതേനീച്ചപ്പെട്ടി നിർമ്മിച്ച് ആവശ്യക്കാർക്ക് നൽകുന്നുമുണ്ട്. റബ്ബറിനു വിലക്കുറവാണെങ്കിലും ടാപ്പിങ്മുടക്കിയിട്ടില്ല. തനിയെ ടാപ്പു ചെയ്യുന്നതിനാൽ നഷ്ടത്തെക്കുറിച്ച് ചിന്തിക്കേണ്ടതില്ല. മറ്റു വരുമാനമാർഗങ്ങൾ കാര്യമായി ഇല്ലാത്തതിനാൽ ടാപ്പിങ് മുടക്കാനാവില്ല. എങ്കിലും ഈ വർഷം മഴയും റെഡിൻഗാർഡിലെ ചോർച്ചയും കാരണം ടാപ്പിങ് കാര്യമായി ലഭിച്ചില്ല എന്നു ജോയി പറയുന്നു. മുൻവർഷങ്ങളിൽ നിന്നു വ്യത്യസ്തമായി ഉത്പാദനവും കുറവാണ്.

മുട്ടം ഗവണ്മെന്റ് സ്കൂളിൽ അധ്യാപകനായിരുന്നു ജോയിയുടെ പിതാവ്. പത്തുമക്കളിൽ ഇളയയാളാണ് ജോയി. ജോയിയുടെ ഭാര്യ ജിജി വീട്ടമ്മയാണ്. മൂത്തമകൾ അഞ്ജലി ബാംഗ്ലൂരിൽ ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൾ ഐശ്വര്യ ബിരുദമെടുത്തശേഷം ബാങ്ക് കോച്ചിങ്ങിനു പോകുന്നു. മകൻ അഭിലാഷ് കാഞ്ഞിരപ്പള്ളി അമൽജ്യോതി കോളേജിലും ഇളയമകൾ മാരിയറ്റ് ഒൻപതാം ക്ലാസ്സിലും പഠിക്കുന്നു.

ജോയിയുടെ ഫോൺ : 9947710085 •

# ഇന്ത്യാ റബ്ബർ മീറ്റ് ഫെബ്രുവരിയിൽ മാമല്ലപുരത്ത് നടക്കും

ഇന്ത്യാ റബ്ബർ മീറ്റ് 2020 (ഐ.ആർ.എം. 2020) ഫെബ്രുവരി 28, 29 തീയതികളിൽ തമിഴ്നാട്ടിലെ മാമല്ലപുരത്ത് റാഡിസ്സൺ ബ്ലൂ റിസോർട്ട് ടെമ്പിൾ ബേയിൽ നടക്കും. റബ്ബർമേഖലയെ പ്രതിനിധാനം ചെയ്യുന്ന എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെ രണ്ടു വർഷത്തിലൊരിക്കൽ നടത്തുന്ന സമ്മേളനങ്ങളിൽ അഞ്ചാമത്തേതാണ് ഇത്. കർഷകർ, വ്യാപാരികൾ, ഉത്പന്നനിർമ്മാതാക്കൾ, നയരൂപകർത്താക്കൾ, കാർഷികോദ്യോഗസ്ഥർ, സാമ്പത്തികവിദഗ്ദ്ധർ, മാധ്യമപ്രവർത്തകർ എന്നിങ്ങനെ റബ്ബർമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവരുടെയും പങ്കാളിത്തത്തോടെയാണ് സമ്മേളനം നടത്തുന്നത്. റബ്ബർമേഖലയിലെ പ്രശ്നങ്ങൾ കൂട്ടായി ചർച്ചചെയ്യുന്നതിനും യോജിച്ച നടപടികൾ കണ്ടെത്തുന്നതിനും സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക് അവസരമുണ്ടാകും. വിവിധവിഭാഗങ്ങൾ തമ്മിലുള്ള ആശയവിനിമയവും ബന്ധവും കൂടുതൽ മെച്ചപ്പെടുത്താനും കൂടുതൽ ബിസിനസ്സ് അവസരങ്ങൾ ഉണ്ടാക്കാനും റബ്ബർസമ്മേളനം സഹായിക്കും. റബ്ബർബോർഡിനെയും

റബ്ബർമേഖലയിലെ പ്രമുഖ സംഘടനകളെയും അംഗങ്ങളാക്കി രജിസ്റ്റർ ചെയ്തിട്ടുള്ള ഇന്ത്യാ റബ്ബർ മീറ്റ് ഫോറം (ഐ.ആർ.എം.എഫ്.) എന്ന സൊസൈറ്റി ആണ് മീറ്റ് സംഘടിപ്പിക്കുന്നത്. 'റബ്ബർ റീസർജൻസ് ത്രൂ ഇന്നവേഷൻ' എന്നതായിരിക്കും ഐ.ആർ.എം. 2020- ന്റെ വിഷയം. റബ്ബർമേഖലയുടെ ഉജ്ജീവനത്തിന് സഹായകമായ നൂതനമാർഗ്ഗങ്ങൾ സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെടും. റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിവിധവിഷയങ്ങ ളെക്കുറിച്ച് രാജ്യാന്തരതലത്തിൽ അറിയപ്പെടുന്ന വിദഗ്ധരായിരിക്കും സംസാരിക്കുക. വിദഗ്ധർ നയിക്കുന്ന പാനൽചർച്ചകളും ഉണ്ടായിരിക്കും. റബ്ബർകൃഷി, സംസ്കരണം തുടങ്ങിയ മേഖലകളിൽ പുതിയ മാർഗ്ഗങ്ങളും കണ്ടുപിടുത്തങ്ങളും നടത്തിയിട്ടുള്ളവരുടെ അവതരണങ്ങൾ മീറ്റിലെ പ്രധാന ഭാഗമായിരിക്കും. റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്. ചെയർമാനായി ദേശീയതലത്തിൽ സംഘടിപ്പിച്ചിട്ടുള്ള ഓർഗനൈസിങ് കമ്മിറ്റിയാണ് ഐ.ആർ.എം. 2020- ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ചെറുകിട, വൻകിട കർഷകപ്രതിനിധികൾ; റബ്ബർസംസ്കരണ മേഖലയുടെയും വ്യാപാരമേഖലയുടെയും പ്രതിനിധികൾ; ടയർ, ടയറിതര മേഖലകളുടെ പ്രതിനിധികൾ; ആട്ടോ കംപോണന്റ് നിർമ്മാതാക്കൾ; കയറ്റുമതി രംഗത്തുള്ളവർ; ഗവേഷണ, നൈപുണ്യവികസനസ്ഥാപനങ്ങളിൽ നിന്നുള്ളവർ; റബ്ബറുമായി ബന്ധപ്പെട്ട മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നവർ തുടങ്ങിയവരെല്ലാം കമ്മിറ്റിയിൽ അംഗങ്ങളാണ്. ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമായി 500 പ്രതിനിധികൾ ഐ.ആർ.എം. 2020-ൽ പങ്കെടുക്കും.

## കോൾസെന്റർ - 'ഫോൺ ഇൻ' പരിപാടികൾ

**ആഴ്ചയിലൊരിക്കൽ ടാപ്പിങ്**

റബ്ബർകൃഷി ലാഭകരമാക്കാൻ റബ്ബർബോർഡ് ശുപാർശ ചെയ്തിട്ടുള്ള ആഴ്ചയിലൊരിക്കൽ ടാപ്പിങ് രീതി വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന തൊടുപുഴ, വെള്ളിയാമറ്റത്തുള്ള ശ്രീ. ബിജു പോൾ എന്ന കർഷകനുമായി 2019 ഡിസംബർ 18 ബുധനാഴ്ച രാവിലെ പത്തുമുതൽ ഉച്ചയ്ക്ക് ഒരുമണിവരെ ഫോണിലൂടെ സംവദിക്കാം.

**മഞ്ഞുകാല രോഗങ്ങൾ**

റബ്ബറിനെ ബാധിക്കുന്ന മഞ്ഞുകാല രോഗങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് 2020 ജനുവരി 8 ബുധനാഴ്ച രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരുമണിവരെ ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഷാജി ഫിലിപ്പ് ഫോണിലൂടെ മറുപടി പറയും.

റബ്ബർ ബോർഡിന്റെ കോൾസെന്റർ നടത്തുന്ന പ്രത്യേക ഫോൺ ഇൻ പരിപാടിയിലേക്ക് 0481- 2576622 എന്ന നമ്പരിൽ വിളിക്കാം.

# ഇറക്കുമതി കുറയ്ക്കാൻ ആഭ്യന്തര ഉത്പാദനം കൂട്ടുക - എക്സിക്യൂട്ടീവ് ഡയറക്ടർ



ഇറക്കുമതി കുറയ്ക്കാൻ ആഭ്യന്തര ഉത്പാദനം കൂട്ടുകയല്ലാതെ മറ്റു മാർഗ്ഗമില്ലെന്ന് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.കെ.എൻ.രാഘവൻ പറഞ്ഞു. തൊടുപുഴ മേഖലയിലെ റബ്ബറുത്പാദക സംഘങ്ങളുടെയും പെരിയാർ ലാറ്റക്സ് കമ്പനിയുടെയും റബ്ബർബോർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച റബ്ബർകർഷകസംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. റബ്ബർബോർഡിന്റെ തോട്ടം ഏറ്റെടുക്കൽ പദ്ധതിയെക്കുറിച്ച് വിശദമായി സംസാരിച്ച അദ്ദേഹം തൊടുപുഴ ഗിരിവർഗമേഖലയിൽ റബ്ബർകൃഷി മൂലം വന്ന പുരോഗതിയെപ്പറ്റി എടുത്തു പറഞ്ഞു. കാക്കൊമ്പ് മാതൃകാ റബ്ബറുത്പാദകസംഘം പ്രസിഡന്റ് ജോസഫ് മാത്യു അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ സി. സാബു (ജോയിന്റ് ആർ.പി.സി) വിഷയാവതരണം നടത്തി. എം.ജി.സതീഷ് ചന്ദ്രൻ നായർ (ഡെപ്യൂട്ടി ഡയറക്ടർ, പി &പി.ആർ) എം.റ്റി.ജോണി (പ്രസിഡന്റ്, വണ്ണപ്പുറം ആർ.പി.എസ്), എം.ജെ.വർഗീസ് (പ്രസിഡന്റ്, പന്നിമറ്റം ആർ പി.എസ്.), രാജു തോമസ് (പ്രസിഡന്റ്, കരിമണ്ണൂർ ആർ.പി.എസ്, സി. ആർ.വിനോദ് (പ്രസിഡന്റ്, ചുരുളി ആർ.പി.എസ്), പി.എ.ബാലകൃഷ്ണൻ (പ്രസിഡന്റ്, വെള്ളക്കയം ആർ.പി.എസ്), കെ.എ.തോമസ് (പ്രസിഡന്റ്, ചെമ്മല ആർ.പി.എസ്) എന്നിവർ സംസാരിച്ചു. പ്രസ്തുതയോഗത്തിൽ മേഖലയിലെ മുതിർന്ന ആർ പി..എസ് പ്രസിഡന്റുമാരായ പി.കെ.നാരായണൻ നായർ (പ്രസിഡന്റ്, അരിക്കുഴ ആർ.പി.എസ്), മാത്യു ജോസഫ് കളപ്പുര (പ്രസിഡന്റ്, വെള്ളിയാമറ്റം ആർ.പി.എസ്) എന്നിവരെയും മുതിർന്ന കർഷകനും സ്വന്തമായി തോട്ടം ടാപ്പുചെയ്യുന്ന വ്യക്തിയുമായ ഔസേപ്പ് ജോസഫ് മുണ്ടന്താനത്തിനെയും എക്സിക്യൂട്ടീവ് ഡയക്ടർ ആദരിച്ചു. യോഗത്തിന് പി.എം സോമശേഖരൻ (ഡെ.ആർ.പി.സി., തൊടുപുഴ) സ്വാഗതം ആശംസിക്കുകയും പി.കെ രവിചന്ദർ (എം.ഡി. പെരിയാർ ലാറ്റക്സ് ) കൃതജ്ഞത പറയുകയും ചെയ്തു. ഇരുനൂറിലധികം റബ്ബർകർഷകർ യോഗത്തിൽ പങ്കെടുത്തു.

റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.കെ.എൻ.രാഘവൻ തൊടുപുഴ സന്ദർശനവേളയിൽ കാക്കൊമ്പ് മാതൃകാ റബ്ബർഉത്പാദകസംഘത്തിൽ പുതിയതായി സ്ഥാപിച്ച മൾട്ടി പർപ്പസ് ഡ്രയർ ഉത്ഘാടനം ചെയ്യുകയുമുണ്ടായി. ഉത്പാദകസംഘാംഗങ്ങളുടെ വിവിധ കാർഷികോത്പന്നങ്ങളായ കപ്പ, പഴങ്ങൾ, പച്ചക്കറികൾ, തേങ്ങ, ചക്ക, ജാതിക്ക, ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ, ഏലയ്ക്ക, കുരുമുളക്, കാപ്പിക്കുരു, മത്സ്യ മാംസാദികൾ എന്നിവ ഉണക്കി മൂല്യവർദ്ധന നടത്തി വിപണനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് 5.06 ലക്ഷം രൂപാ മുതൽമുടക്കി ഡ്രയർ സ്ഥാപിച്ചത്. സംഘത്തിന്റെ കീഴിലുള്ള കോമ്രേഡ്സ് ഓഫ് ഗ്രീൻ (Comrades of Green) എന്ന സ്വയംസഹായ സംഘമാണ് ഡ്രയറിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത്. 500 കിലോഗ്രാം വരെയുള്ള കാർഷിതോത്പന്നങ്ങൾ 12 മുതൽ 24 വരെ മണിക്കർ സമയത്തിനുള്ളിൽ ഉണക്കിയെടുക്കാമെന്നതാണ് ഡ്രയറിന്റെ പ്രത്യേകത. വിറക് ഇന്ധനമായി ഉപയോഗിക്കുന്ന ഡ്രയർ ഇടുക്കിജില്ലയിലെ അണക്കരയിൽ പ്രവർത്തിക്കുന്ന ഗ്രീൻഗാർഡ് എന്ന കമ്പനിയാണ് വിതരണം ചെയ്യുന്നത്.

**-പി.എം.സോമശേഖരൻ**



*കാക്കൊമ്പ് ആർ പി എസ്സിൽ സ്ഥാപിച്ച ഡ്രയറിന്റെ പ്രവർത്തനം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.കെ. എൻ. രാഘവൻ വീക്ഷിക്കുന്നു. സമീപം ജോർജ്ജ് ജോസഫ്, പി. എം. സോമശേഖരൻ, ജോസഫ് മാത്യു, സി. സാബു, എം ജി സതീശ് ചന്ദ്രൻ നായർ, എബ്രഹാം തോമസ്, സണ്ണി മാത്യു എന്നിവർ.*



ചന്ദ്രലേഖ കെ.
ഫീൽഡ് ഓഫീസർ

# ഷീറ്റുണക്കാൻ പുതുവഴികൾ

റബ്ബർഷീറ്റുസംസ്കരണത്തിനായി ചെറുകിടകർഷകർ പ്രാദേശികമായി തനതായ ചില രീതികൾ അവലംബിക്കാറുണ്ട്. റബ്ബർവില കുറഞ്ഞിരിക്കുന്ന സാഹചര്യങ്ങളിൽ ഉത്പാദനച്ചെലവ് കുറച്ച് വരുമാനം കൂടുതൽ ലഭ്യമാക്കുന്ന മാർഗങ്ങൾ സ്വീകരിക്കുന്നത് ശ്രദ്ധേയമാണ്.

കാസർഗോഡ്ജില്ലയിൽ നെട്ടണിഗെ, കുമ്പടാജെ വില്ലേജുകളിലെ ചില കർഷകരാണ് റബ്ബർഷീറ്റ് ഉണക്കുന്നതിനായി വേറിട്ട ഒരു രീതി അവലംബിച്ചിട്ടുള്ളത്. കിണ്ണിംഗാറിലെ ബെള്ളച്ചാൽ പരമേശ്വരഭട്ട് ചെലവും മനുഷ്യപ്രയത്നവും ലഘൂകരിക്കുന്ന ഒരു പുകപ്പുര 2018 ലാണ് നിർമ്മിച്ചത്. അദ്ദേഹത്തിന് ടാപ്പുചെയ്യുന്ന 1000 റബ്ബർ മരങ്ങളാണുള്ളത്. ഉത്തേജകൗഷധപ്രയോഗം നടത്തി നാലുദിവസത്തിലൊരിക്കൽ ടാപ്പിങ് എന്ന രീതി അവലംബിക്കുന്ന ഇദ്ദേഹം 100 ഷീറ്റിടാവുന്ന ചെറിയ പുകപ്പുര നിർമ്മിച്ചിട്ടുണ്ട്.





പരമേശ്വരഭട്ട്

10 അടി നീളം, 4 1/2 അടി വീതി, 3 3/4 അടി ഉയരത്തിൽ വെട്ടുകല്ലുപയോഗിച്ച് തറനിരപ്പിൽ പണിത മേൽക്കൂരയില്ലാത്ത ഒരു മുറിയാണിത്. ഇതിൽ 20 റീപ്പർ വച്ചിട്ടുണ്ട്. അടയ്ക്കാമരത്തിന്റെ തടി കൊണ്ടാണ് റീപ്പർ ഉണ്ടാക്കിയിരിക്കുന്നത്. ഇത് മുകളിൽ ചണച്ചാക്ക് ഉപയോഗിച്ച് മൂടുന്നു. പുറത്തുനിന്നു തുറക്കാവുന്ന അടുപ്പിൽനിന്ന് അകത്തേക്ക് നീളത്തിൽ ഒരു പാത്തി ഉണ്ടാക്കി അതിലാണ് തീ കത്തിക്കുന്നത്. തീപ്പൊരി പുറത്തേക്ക് കടക്കാത്തവിധം പാത്തി ഓട് കൊണ്ട് മറയ്ക്കുന്നു. എതിർവശത്ത് വായു സഞ്ചാരത്തിനായി 1/2 ഇഞ്ച് വ്യാസത്തിൽ ഒരു ദ്വാരം ഇട്ടിട്ടുണ്ട്. നല്ല രീതിയിൽ ആസ്ബസ്റ്റോസ് മേൽക്കൂര നിർമ്മിച്ച ഈ പുകപ്പുരയ്ക്ക് അദ്ദേഹത്തിന് ചെലവായത് 10,000 രൂപയിൽ താഴെ മാത്രമാണ്.



എ.എം. ജോർജ്ജ്

വളരെക്കുറച്ച് ഇന്ധനം മാത്രം വേണ്ടി വരുന്ന ഈ പുകപ്പുരയിലിടുന്ന ഷീറ്റ് ഉണങ്ങി നാലാം ദിവസം ആർ എസ് എസ് 4-ാം ഗ്രേഡായി കിട്ടുന്നു. ഒരു തേങ്ങാത്തൊണ്ടും 10 ലിറ്റർ അടയ്ക്കാത്തൊണ്ടും ദിവസവും രണ്ടുപ്രാവശ്യമായി പുകയ്ക്കാൻ ഉപയോഗിക്കുന്നു.



പുറമെനിന്നുതന്നെ യാണ് തീയിടുന്നത്. വിറക് ഉപയോഗിക്കാറില്ല. അകത്ത് ചാരം കൂടുമ്പോൾ ആഴ്ചയിലൊരിക്കൽ പുകപ്പുരയ്ക്കുള്ളിൽ ഇറങ്ങിനിന്നുകൊണ്ട് അതെടുത്ത് മാറ്റുന്നു. എല്ലാദിവസവും പാത്തിയിലെ ഓട് പൊട്ടിയിട്ടുണ്ടോ, തീപ്പൊരി വരാൻ സാദ്ധ്യതയുണ്ടോ എന്നു മാത്രം ശ്രദ്ധിക്കുന്നു. ചൂട് കൂടി ഓട് പൊട്ടാൻ സാദ്ധ്യതയുള്ളതിനാൽ ചിരട്ട ഉപയോഗിക്കുകയില്ല.

ബെളിഞ്ചയിൽ താമസിക്കുന്ന ജോർജ്ജ് മൂന്നുവർഷമായി 140 ഷീറ്റിടാവുന്ന ഒരു പുകപ്പുര ഉപയോഗിക്കുന്നു. വെട്ടുകല്ലും ചെളിയും മാത്രം ഉപയോഗിച്ച് നിർമ്മിച്ച ഈ പുകപ്പുരയ്ക്ക് മഴ നനയാതിരിക്കാൻ പ്ലാസ്റ്റിക്ഷീറ്റുകൊണ്ട് മേൽകൂര ഉണ്ടാക്കിയിട്ടുണ്ട്. പഴയ വെട്ടുകല്ലും ഓടും ഉപയോഗിച്ച് സ്വയം നിർമിച്ച ഇതിന് 2,500 രൂപയിൽ താഴെ മാത്രമാണ് ചെലവു വന്നിട്ടുള്ളത്. ചിന്തേൽപ്പൊടിയും അടയ്ക്കാത്തൊണ്ടും ഇന്ധനമായി ഉപയോഗിക്കുന്നു. സ്ഥിരമായി ആർഎസ്എസ് 4 ഗ്രേഡ് ഷീറ്റ് ഉത്പാദിപ്പിക്കുന്ന ജോർജ്ജ് ഷീറ്റുസംസ്കരണത്തിൽ സ്വയം തൃപ്തനാണ്.

പുകപ്പുരയ്ക്കുള്ളിലെ കരിയും പുകയുമേറ്റുള്ള ഷീറ്റിടീലും മറിച്ചിടലും തുറക്കലും എല്ലാം വളരെ പ്രയാസവും മനുഷ്യപ്രയത്നം ആവശ്യമുള്ളതുമായ ഒരു ജോലിയാണ്. തേങ്ങയും അടയ്ക്കയും സുലഭമായ ഇവിടെ ഇന്ധനക്ഷാമമില്ല. ഇന്ധനച്ചെലവും നിർമ്മാണച്ചെലവും പരമാവധികുറച്ച് പണികൾ പുകപ്പുരയ്ക്ക് വെളിയിൽ നിന്നുകൊണ്ടുതന്നെ ചെയ്യാൻ സാധിക്കുന്നു എന്നതാണ് ഈ രീതി കൊണ്ടുള്ള പ്രയോജനം. •

വേറിട്ട പാതകൾ എന്ന ഈ പംക്തിയിൽ വരുന്ന ലേഖനങ്ങളിൽ പറയുന്ന കാര്യങ്ങൾ റബ്ബർ ബോർഡിന്റെ ശുപാർശപ്രകാരമുള്ളവ ആയിരിക്കണമെന്നില്ല.വ്യത്യസ്തമായ രീതികൾ പരീക്ഷിച്ചു നോക്കിയവരുടെ അനുഭവങ്ങൾ മാത്രമാണ്.



മുരളീധരൻ തഴക്കര

# ലാളിത്യത്തിന്റെ നേർമൊഴികൾ

കേരളരാഷ്ട്രീയത്തിലും സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിലും ശ്രദ്ധേയമായ ഒരുപാട് നന്മകൾ അവശേഷിപ്പിച്ച രണ്ടു മഹാവ്യക്തികളുടെ ജീവിതലാളിത്യത്തെക്കുറിച്ചാണ് ഈ കുറിപ്പ്. ആഡംബരവും ധൂർത്തും ജാടയും ജീവിതത്തിന്റെ മുഖമുദ്രയായി മാറുന്ന ഈ പുതിയ കാലത്ത് ഓർമ്മയിൽ ഇന്നും സുഗന്ധം നിറയ്ക്കുന്ന രണ്ട് അനുഭവസാക്ഷ്യങ്ങൾ ഇവിടെ കുറിക്കുകയാണ്.

ആദ്യം ഓർമ്മയിൽ തെളിയുന്നത് കേരളത്തിന്റെ പ്രഗത്ഭനായ കൃഷിമന്ത്രിയും എം.പി.യുമായിരുന്ന ശ്രീ. വി.വി. രാഘവന്റെ മുഖമാണ്. കോഴിക്കോട് ആകാശവാണി നിലയത്തിലാണ് അന്നെനിക്ക് ജോലി. ആകാശവാണിയുടെ വയലും വീടും കാർഷികമേള 1995 ൽ മലപ്പുറം ജില്ലയിലെ ചുങ്കത്തറയിലാണ് നടന്നത്. മൂന്ന് ദിനരാത്രങ്ങൾ നീണ്ടുനിന്ന ഈ വിജ്ഞാനവിനോദ മേളയുടെ സമാപനച്ചടങ്ങിൽ മുൻകൃഷിമന്ത്രി വി.വി. രാഘവനും, മിൽമ ചെയർമാൻ പ്രയാർ ഗോപാലകൃഷ്ണനുമായിരുന്നു മുഖ്യാതിഥികൾ.



വി.വി. രാഘവനെ ക്ഷണിക്കുവാൻ ഞങ്ങൾ തൃശ്ശൂരിലെ അദ്ദേഹത്തിന്റെ വീട്ടിലെത്തി. ആഡംബരങ്ങളൊന്നുമേയില്ലാത്ത ഒരു സാധാരണ വീട്. അദ്ദേഹത്തിന്റെ സഹധർമ്മിണി വീടിന്റെ ഉമ്മറത്തേയ്ക്കുവന്ന് ഞങ്ങളോട് കാര്യം തിരക്കി. "അദ്ദേഹം മാർക്കറ്റിൽ പോയിരിക്കയാണ്. ഉടനെത്തും. ഇരുന്നാട്ടേ." എന്ന് സാധാരണ വീട്ടമ്മയെപ്പോലെ അവർ പറഞ്ഞു. അവരുടെ ഭാവഹാവാദികളിൽ ഒന്നും താനൊരു മുൻമന്ത്രിയുടെ പത്നിയെന്നോ മുൻമുഖ്യമന്ത്രിയുടെ സഹോദരിയെന്നോ ഉള്ള അടയാളങ്ങളില്ലായിരുന്നു. അല്പസമയത്തിനുള്ളിൽ ഒരു തുണിസഞ്ചിയിൽ മലക്കറികളും ചെറുപഴങ്ങളും മറുകൈയിൽ ചുരുട്ടിപ്പിടിച്ച മാസികകളുമായി വീട്ടുകാരനെത്തി. നല്ല നീളമുള്ളതിനാൽ മുരിങ്ങക്കായ സഞ്ചിക്ക് പുറത്തേക്ക് തള്ളി നിൽക്കുന്നുണ്ടായിരുന്നു. നമ്മളിൽ ഒരാളായി — ഒരു സാധാരണക്കാരനായി കടന്നുവന്ന മുൻകൃഷിമന്ത്രിയും എം.പി.യുമായ ഗൃഹനാഥനോട് പറഞ്ഞറിയിക്കാനാവാത്ത ആദരവാണ് തോന്നിയത്! വന്നപാടെ ഞങ്ങളോട് വിവരങ്ങൾ ആരാഞ്ഞു. കുറച്ചു സമയം അദ്ദേഹവുമായി സംസാരിച്ചു. ആകാശവാണിയും, വയലും വീടും, കൃഷിയുമല്ലേ, എങ്ങനെയാണ് ഒഴിവാക്കുക എന്നു പറഞ്ഞ് ഞങ്ങളുടെ ക്ഷണം സ്വീകരിച്ചു. തുടർന്ന് ചുങ്കത്തറയിൽ എത്തിച്ചേരുന്നതിനുള്ള വാഹനം ഏർപ്പാടാക്കുന്നതിനെക്കുറിച്ച് ഞങ്ങൾ ആരാഞ്ഞു. ആകാശവാണിയിൽ നിന്ന് വാഹനം എത്തിക്കാമെന്നറിയിച്ചപ്പോൾ— വേണ്ട, ബുദ്ധിമുട്ടേണ്ട. ഞാനവിടെയെത്തിക്കൊള്ളാം എന്നാണ് പറഞ്ഞത്. അങ്ങനെ ഒരു മുൻമന്ത്രിയുടെ സ്നേഹ സമ്പൂർണ്ണമായ ഇടപെടലും ലാളിത്യവും അനുഭവിച്ചറിഞ്ഞ് വീടിന്റെ പടിയിറങ്ങുമ്പോൾ ഞങ്ങളുടെ മനസ്സിൽ എന്തെന്നില്ലാത്ത അത്ഭുതാദരങ്ങളാണുണ്ടായത്.

പരിപാടിയുടെ ക്ഷണക്കത്തയച്ചിട്ട് വീണ്ടും ടെലിഫോണിൽ അദ്ദേഹവുമായി ബന്ധപ്പെട്ടു. ചുങ്കത്തറയിലെത്താൻ വാഹനം ഏർപ്പാടാക്കുന്ന കാര്യം വീണ്ടും ചോദിച്ചു: "മീറ്റിങ് തുടങ്ങുന്നതിനുമുമ്പേ ഞാനവിടെയെത്തിയാൽ പോരേ" എന്ന മറുചോദ്യമായിരുന്നു അദ്ദേഹത്തിൽ നിന്നുണ്ടായത്. അങ്ങനെ സമാപനസമ്മേളന ദിവസമെത്തി. സമ്മേളനത്തിൽ പങ്കെടുക്കേണ്ട

വർ ഓരോരുത്തരായി എത്തിത്തുടങ്ങി. മീറ്റിങ് ആരംഭിക്കാൻ ഏതാണ്ട് അരമണിക്കൂർ മാത്രം ബാക്കി. വഴിക്കണ്ണുമായി വി.വി.രാഘവനെയും പ്രതീക്ഷിച്ച് സംഘാടകർ കാത്തുനിന്നു. അദ്ദേഹത്തിന്റെ വാഹനം ഉടനടി കടന്നുവരും എന്ന പ്രതീക്ഷയിലാണ് എല്ലാവരും. സമാപനസമ്മേളനം ഉടനെ ആരംഭിക്കുമെന്ന അനൗൺസ്മെന്റും ഉണ്ടായി. അപ്പോഴതാ കെ.എസ്.ആർ.ടി.സി. ബസ്സിറങ്ങി, കൈയിൽ ഒരു കറുത്ത ബാഗുമായി, മുണ്ടിന്റെ കോന്തല പിടിച്ച് ശുഭ്രവസ്ത്രധാരിയായ മുൻമന്ത്രി വി. വി. രാഘവൻ മെല്ലെ സമ്മേളനവേദിക്കരികിലേക്ക് നടന്നുവരുന്നു! കാറില്ല, അനുയായിവൃന്ദമില്ല, ആരവങ്ങളില്ല. മീറ്റിംഗ് അവസാനിക്കുവോളം അദ്ദേഹം വേദിയിൽത്തന്നെ ഇരുന്നു. മീറ്റിങ് അവസാനിച്ചശേഷം എല്ലാവരോടും യാത്ര പറഞ്ഞ്, അദ്ദേഹത്തെ കാണാനെത്തിയ പ്രാദേശിക പാർട്ടി നേതാക്കളോടൊപ്പം ചുങ്കത്തറ ബസ് സ്റ്റേഷനിലേക്ക് നടന്നു നീങ്ങി. ആ വലിയ മനുഷ്യന്റെ ലാളിത്യവും നന്മയും ഇന്നും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

1978–79 കാലയളവിൽ, കാർഷികസർവ്വകലാശാലയുടെ മലപ്പുറം തവനൂരിലെ കാർഷിക എഞ്ചിനീയറിങ് കോളേജിൽ വിദ്യാർത്ഥിയായിരുന്ന കാലത്തുണ്ടായ ഒരനുഭവം കൂടി പങ്കുവെക്കുകയാണ്. കോളേജ് യൂണിയൻ സമാപനച്ചടങ്ങ് ഉദ്ഘാടനത്തിന് ഞങ്ങൾ ക്ഷണിച്ചത് മുൻമുഖ്യമന്ത്രി സി. അച്യുതമേനോനെയായിരുന്നു. ഫോണിന്റെ ഇങ്ങേത്തലയ്ക്കൽ അക്ഷമരായി കാത്തുനിന്ന ഞങ്ങൾ വിദ്യാർത്ഥികളോട് അദ്ദേഹം ഒരു നിബന്ധന വച്ചു. യുവകലാസാഹിതിയുടെ ഒരു പരിപാടിയിൽ പങ്കെടുക്കാൻ അന്നേദിവസം രാവിലെ കോഴിക്കോട്ടെത്തുന്നുണ്ട്. അവിടെനിന്നും മലപ്പുറത്ത് തവനൂരിലെത്താൻ ഏതെങ്കിലും ഒരു വാഹനം ഏർപ്പാടാക്കിയാൽ വരാമെന്ന് അറിയിച്ചു. വാഹനലഭ്യതയുടെ ബുദ്ധിമുട്ടുകൾ അറിയാമായിരുന്നെങ്കിലും മുൻ മുഖ്യമന്ത്രി തന്നെ പരിപാടിയിൽ പങ്കെടുക്കണമെന്നുള്ള അമിതാഗ്രഹം കൊണ്ട് അത് സമ്മതിച്ചു.

ഏതാണ്ട് നാലു പതിറ്റാണ്ടുമുമ്പു നടന്ന കാര്യമാണ്. അന്ന് കോളേജിന് സ്വന്തമായുള്ളത് അഞ്ചോ പത്തോ കിലോമീറ്റർമാത്രം കഷ്ടിച്ചു യാത്ര ചെയ്യാവുന്ന ഒരു പഴയ ജീപ്പാണ്. ആസ്ത്മ രോഗിയെപ്പോലെ കിതച്ചും വലിച്ചും മുന്നോട്ടുനീങ്ങുന്ന ഈ പഴഞ്ചൻ ജീപ്പിൽ കോഴിക്കോട്ടുപോയി മുൻ മുഖ്യമന്ത്രിയെ കൂട്ടിക്കൊണ്ടുവരുന്നത് ആലോചിക്കാനേ കഴിയില്ല! ഒരു വാഹനം വാടകയ്ക്ക് വിളിക്കാനുള്ള സാമ്പത്തിക സ്ഥിതി കോളേജ് യൂണിയനില്ലതാനും. കോളേജ് യൂണിയന്റെ സെക്രട്ടറിയായിരുന്ന ഞാനടക്കമുള്ള ഭാവവാഹികളെല്ലാം വല്ലാത്ത വിഷമസന്ധിയിലായി. ഈ സാഹചര്യത്തിൽ നിവർത്തികേടുകൊണ്ട് ഒരു കൗശലം പ്രയോഗിക്കേണ്ടി വന്നു.

ഇവിടെനിന്നും കോഴിക്കോട്ട് വന്ന ഒരു വാഹനം എന്തോ തകരാറ് സംഭവിച്ച് വഴിയിൽ കിടക്കുകയാണെന്ന് ഒരു കള്ളം എനിക്ക് ആ വലിയ മനുഷ്യനോട് പറയേണ്ടി വന്നു. അപ്പോൾത്തന്നെ അദ്ദേഹത്തിന്റെ മറുപടി — "സാരമില്ല എങ്കിൽ ഞാനിനി കാത്തുനിൽക്കുന്നില്ല. അടുത്ത ട്രെയിനിന് ഞാൻ തൃശ്ശൂരിലേക്ക് മടങ്ങുകയാണ്." അങ്ങേയറ്റത്തെ വിനയത്തോടെ അപേക്ഷിച്ചു— ട്രെയിൻ കുറ്റിപ്പുറത്തെത്തുമ്പോൾ ഞങ്ങൾ വാഹനവുമായി സ്റ്റേഷനിലെത്താം. മീറ്റിങ്ങിൽ പങ്കെടുക്കാനെത്തുന്ന വൈസ് ചാൻസലർ കാളീശ്വരൻ സാറിന്റെ കാറിൽ അങ്ങയെ തൃശ്ശൂരിലെത്തിക്കാം. ദയവായി കോളേജിൽ വന്ന് ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അപേക്ഷിച്ചു. ഹൃദയവിശാലതയുള്ള ആ വലിയ മനുഷ്യൻ ഞങ്ങളുടെ അപേക്ഷ സ്വീകരിച്ചു. കുറ്റിപ്പുറത്ത് ട്രെയിനിറങ്ങി തവനൂരിൽ വന്ന് കോളേജ് യൂണിയൻ സമാപനചടങ്ങ് ഉദ്ഘാടനം ചെയ്ത് രാത്രി വൈകി വൈസ് ചാൻസലർ കാളീശ്വരൻസാറിനൊപ്പം തൃശ്ശൂരിലേക്ക് മടങ്ങി.



സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ഉന്നതശീർഷനായ ഈ മനുഷ്യൻ ഇങ്ങനെയൊക്കെ ചെയ്യേണ്ട കാര്യമുണ്ടോ? കോഴിക്കോട്ടുനിന്നും സെക്കൻഡ് ക്ലാസ് കമ്പാർട്ട്മെന്റിൽ ഒരു സാധാരണക്കാരനായി യാത്ര ചെയ്യുക. തൃശ്ശൂരിലേക്ക് ടിക്കറ്റെടുത്ത് യാത്രയാരംഭിച്ച അദ്ദേഹം കേവലം ഒരു കോളേജ് യൂണിയന്റെ കൊച്ചു പരിപാടിയിൽ പങ്കെടുക്കാൻ യാത്ര മതിയാക്കി ഇടയ്ക്കിറങ്ങുക. ഒരു ഉന്നത ഉദ്യോഗസ്ഥന്റെ കാറിൽ കയറി മടങ്ങിപ്പോകുക, ഒരുപക്ഷേ, നിസ്സാരമെന്ന് തോന്നാമെങ്കിലും അത്ര നിസ്സാരമല്ല– പ്രത്യേകിച്ച് ഇന്നത്തെ കാലത്ത്. പ്രോട്ടോകോളും പ്രിവിലേജും എള്ളിട തെറ്റിയാൽ, മുൻനിരയിൽ ഇരിപ്പിടം കിട്ടാതിരുന്നാൽ, സ്വീകരണത്തിന്റെ പൊലിമ കുറഞ്ഞുപോയാൽ, പ്രോഗ്രാം നോട്ടീസിൽ പേരൽപം താഴേക്കിറങ്ങിപ്പോയാൽ, ബാഡ്ജിന്റെ വലിപ്പം കുറഞ്ഞുപോയാൽ, ശുണ്ഠിയും ശണ്ഠയും ഉണ്ടാക്കുന്ന ഇക്കാലത്ത് മേൽ സൂചിപ്പിച്ച അനുഭവസാക്ഷ്യങ്ങൾ പറയാതെ വയ്യ. •



# കോൾ സെന്ററിൽനിന്ന്...

റബ്ബർ ഉത്പാദന പ്രോത്സാഹന പദ്ധതി, പുകപ്പുരനിർമാണവും പ്രവർത്തനവും, ചെറുതേനീച്ചവളർത്തൽ എന്നീ വിഷയങ്ങൾ സംബന്ധിച്ച് സംശയങ്ങൾ തീർക്കാൻ കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ ഇൻ പരിപാടികളിൽ പങ്കെടുത്തവരുടെ ചോദ്യങ്ങൾക്ക് റബ്ബർബോർഡിലെ മുൻ ഡെപ്യൂട്ടി ഡയറക്ടർ ജയദേവ് ആനന്ദ്, റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ മാത്യു ജോസഫ്, തേനീച്ചവളർത്തലിൽ വിദഗ്ദനായ ഡോ. സാജൻ ജോസഫ് എന്നിവർ യഥാക്രമം നൽകിയ മറുപടികളാണ് താഴെ ചേർത്തിട്ടുള്ളത്

## റബ്ബർ ഉത്പാദന പ്രോത്സാഹന പദ്ധതി

***നിലവിൽ റബ്ബർ ഉത്പാദന പ്രോത്സാഹനപദ്ധതിയിൽ അംഗമായ കർഷകർ അംഗത്വം പുതുക്കേണ്ടത് എങ്ങനെയാണ്? ഇതിനു സമയപരിധി ഉണ്ടോ?***

റബ്ബർ ഉത്പാദന പ്രോത്സാഹന പദ്ധതിയുടെ ഓരോ ഘട്ടവും ജൂലൈ ഒന്നിനു തുടങ്ങി അടുത്ത ജൂൺ 30 വരെയുള്ള കാലയളവാണ്. നേരത്തേ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കർഷകരും ഈ വർഷത്തെ ആദ്യബില്ലിനോടൊപ്പം തന്നാണ്ടത്തെ വസ്തുക്കരമടച്ചതിന്റെ രസീതിന്റെ കോപ്പിയുടെ മുൻഭാഗത്ത് താഴെ പറയുന്ന രീതിയിൽ സർട്ടിഫൈ ചെയ്ത് (സർട്ടിഫൈ ചെയ്യുന്നതിനുള്ള മാതൃക: Certified that actual tapping rubber area owned by me as per the LTR is .. ha. under the Sy.Nos.....") കർഷകന്റെ പേര്, ഒപ്പ്, തീയതി എന്നിവ വ്യക്തമായി രേഖപ്പെടുത്തണം. ഇത് റബ്ബർ ഉത്പാദകസംഘം പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയതിനുശേഷം ബന്ധപ്പെട്ട വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. തുടർന്ന് റബ്ബർബോർഡ് ഓഫീസറുടെ പരിശോധനയ്ക്കുശേഷം അംഗത്വ രജിസ്ട്രേഷൻ പുതുക്കി നല്കുന്നതാണ്. ഇതിന് സമയപരിധിയില്ല.

***ബില്ലുകൾ സമർപ്പിക്കുമ്പോൾ കർഷകർ എന്തൊക്കെ ശ്രദ്ധിക്കണം?***

റബ്ബർ ഉത്പാദന പ്രോത്സാഹന പദ്ധതിയിൽ അംഗങ്ങളായ കർഷകർ അതാത് റബ്ബറുത്പാദക സംഘങ്ങളിൽ ബില്ലുകൾ സമർപ്പിക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

- റബ്ബർ കൈകാര്യം ചെയ്യുന്നതിന് റബ്ബർബോർഡിന്റെ ലൈസൻസുള്ള വ്യാപാരികളും സ്ഥാപനങ്ങളും നൽകുന്ന ബില്ലുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. ഇവരുടെ ലൈസൻസ് നമ്പർ വ്യക്തമായി ബില്ലിൽ രേഖപ്പെടുത്തിയിരിക്കണം.
- മെഷീൻകൊണ്ട് ക്രമനമ്പർ വ്യക്തമായി രേഖപ്പെടുത്താത്ത ബില്ലുകൾ സ്വീകരിക്കുന്നതല്ല.
- രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷകന്റെ പേരും മേൽവിലാ




*ജയദേവ് ആനന്ദ് കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുന്നു*




*മാത്യു ജോസഫ് കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുന്നു*

സവും തന്നെയാണ് ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഉറപ്പു വരുത്തണം. വെട്ടിത്തിരുത്തലുകൾ സ്വീകാര്യമല്ല.

• ഒറിജിനൽ ബില്ലുകൾ തന്നെ സമർപ്പിക്കണം. ബില്ലുകളുടെ കോപ്പികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

• വിൽക്കുന്ന റബ്ബറിന്റെ ഇനം (ഷീറ്റ് / പാൽ), തൂക്കം, ഉണക്കത്തൂക്കം, ഗ്രേഡ് മുതലായവ വ്യക്തമായി ബില്ലിൽ രേഖപ്പെടുത്തിയിരിക്കണം.

• ബില്ലിന്റെ മുകൾഭാഗത്ത് രജിസ്റ്റർ നമ്പർ വ്യക്തമായി എഴുതണം. മറുവശത്ത് തോട്ടം ഉടമയുടെ (അപേക്ഷകന്റെ) പേരും ഒപ്പും തീയതിയും രേഖപ്പെടുത്തണം. അത് റബ്ബറുത് പാദകസംഘം പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുകയും ചെയ്യണം.

• ബില്ലിൽ സീൽ പതിപ്പിക്കുമ്പോൾ ബില്ലിലെ വിവരങ്ങൾ (പേര്, ബിൽ നമ്പർ, ലൈസൻസ് നമ്പർ, തീയതി, ഗ്രേഡ്, തൂക്കം മുതലായവ മറഞ്ഞു പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.)

• ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതി മുതൽ മൂന്നു മാസങ്ങൾക്കകം ബില്ല് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

## പുകപ്പുരനിർമാണവും പ്രവർത്തനവും

***പുകപ്പുരനിർമാണത്തിന് സ്ഥലം തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ എന്തൊക്കെയാണ്?***

പുകപ്പുരനിർമിക്കുന്നതിനുള്ള സ്ഥലം തെരഞ്ഞെടുക്കുമ്പോൾ ചതുപ്പുനിലങ്ങളും മഴക്കാലത്ത് ഉറവയും വെള്ളക്കെട്ടും ഉണ്ടാകുന്ന സ്ഥലങ്ങളും ഒഴിവാക്കണം. റോളർ ഷെഡിനോട് ചേർന്ന് പുകപ്പുരനിർമിക്കുന്നതാണ് ഉചിതം. വിറക് നനയാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യം കൂടി ഉണ്ടായിരിക്കണം. യാതൊരു കാരണവശാലും പുക പുറന്തള്ളുന്ന വാതായനങ്ങൾ സ്ഥിരമായി കാറ്റു വീശുന്നതിനഭിമുഖമായി വരുന്ന വിധത്തിൽ പുകപ്പുരകൾ നിർമ്മിക്കരുത്.

***റബ്ബർഷീറ്റുകളുടെ എണ്ണത്തിനനുസരിച്ച് പുകയറയുടെ അളവ് കണക്കാക്കുന്നതെങ്ങനെയാണ്?***

ഒരു മീറ്റർ നീളമുള്ള റീപ്പറിൽ രണ്ടുഷീറ്റുകൾ ഇടാവുന്നതാണ്. റീപ്പറുകളുടെ താങ്ങുപടിയിൽ ഏഴു സെ.മീറ്റർ അകലത്തിൽ റീപ്പറുകൾ നിരത്താം. പടികൾ തമ്മിൽ താഴത്തെ നിരകളിൽ (പച്ചഷീറ്റ് ഇടുന്ന നിരകളിൽ ) 42–45 സെ. മീറ്റർ ഉയരവും മറിച്ചിട്ട ഷീറ്റുകൾ നിരത്തുന്ന മുകൾ തട്ടുകളിൽ 35–37 സെ. മീറ്റർ ഉയരവും ആവശ്യമാണ്. റീപ്പറുകൾ നിരത്തുന്നതിനുള്ള ഏറ്റവും താഴത്തെപ്പടി പുകയറയുടെ തറയിൽ നിന്നും ഒരു മീറ്റർ ഉയരത്തിലാണ് തുടങ്ങേണ്ടത്. ഇങ്ങനെ കണക്കാക്കുമ്പോൾ ഒരുമീറ്റർ വീതിയും 1.40 മീറ്റർ നീളവും 2.55 മീറ്റർ ഉയരവും (സീലിങ്ങിനു താഴെ) ഉള്ള ഒരു പുകയറയിൽ 200 ഷീറ്റ് ഇടാം.

***റബ്ബർഷീറ്റുകൾ റോളറുകളിൽ അടിച്ചെടുക്കുന്ന അന്നു തന്നെയോ അടുത്ത ദിവസമോ പുകപ്പുരയിലിടേണ്ടതുണ്ടോ? കുറച്ചുദിവസം തണലിൽ ഉണക്കിയ ശേഷം പുകപ്പുരയിലിട്ട് പുകച്ചെടുത്താൽ വിറകു ലാഭിക്കാനാവില്ലേ?***

പുകപ്പുരയുടെ തറയ്ക്ക് ആവശ്യത്തിന് ചെരിവുണ്ടെങ്കിൽ റബ്ബർഷീറ്റുകൾ അടിച്ചെടുക്കുന്ന ദിവസം തന്നെ പുക

പ്പുരയിലിടുന്നതാണ് നല്ലത്. മഴയുള്ള കാലാവസ്ഥയിൽ ഒന്നുരണ്ടുദിവസം ഷീറ്റുകൾ പുറത്തിട്ടിരുന്നാൽ പൂപ്പൽ വളർന്നു തുടങ്ങും. അതിനാൽ ഷീറ്റുകൾ കഴുകി പൂപ്പൽ നീക്കം ചെയ്യേണ്ടതായും വരും. വേനൽകാലത്ത് പച്ചഷീറ്റുകളിൽ നേരിട്ട് വെയിലേൽക്കുമ്പോൾ ഉപരിതലം മാത്രം പെട്ടെന്ന് ഉണങ്ങും. ഷീറ്റുകളുടെ ഉള്ളിലെ ജലാംശം പൂർണ്ണമായും പുറത്തേക്കു പോകുന്നതിന് ഉണങ്ങിയ പ്രതലം തടസ്സമാകും. അതിനാൽ ഷീറ്റുകൾ ഉണങ്ങിക്കിട്ടാൻ താമസം നേരിടുകയും ചെയ്യും. ഇക്കാര്യം ലളിതമായ ഒരു പരീക്ഷണത്തിലൂടെ കർഷകർക്ക് ബോധ്യപ്പെടാവുന്നതാണ്. ഒരു ദിവസം കിട്ടുന്ന റബ്ബർഷീറ്റുകളിൽ പകുതി എണ്ണം പുകപ്പുരയിലും ബാക്കി വെളിയിലും ഇടുക. രണ്ടു ദിവസത്തിനുശേഷം വെളിയിലിട്ടിരുന്ന ഷീറ്റുകൾക്കൂടി പുകപ്പുരയിലിടുക. ഏതു ഷീറ്റാണ് ആദ്യം ഉണങ്ങിക്കിട്ടുകയെന്നും ഉണക്കിയെടുക്കുന്ന ഷീറ്റുകളുടെ ഗുണമേന്മ എങ്ങനെയാണെന്നും നിരീക്ഷിച്ചാൽ രണ്ടു രീതികളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ സാധിക്കും.

***പുകപ്പുരയിൽ ഉണങ്ങിയെടുത്ത ചില ഷീറ്റുകളിൽ ഒരു ഭാഗത്ത് വലിയ കുമിളകളും ചില അവസരങ്ങളിൽ ചെറിയ പൊട്ടുപോലുള്ള കുമിളകളും കാണപ്പെടുന്നു. ഇതെന്തുകൊണ്ടാണ്?***

പുകനാളിയോട് അടുത്ത് ഷീറ്റുകൾ ഇടുന്നതുകൊണ്ടാണ് വലിയ കുമിളകൾ ഉണ്ടാകുന്നത്. പുകനാളിയിൽനിന്നും പുകമുറിയിൽനിന്നും തള്ളുന്ന ചൂടുവായുവും പുകയും പുകമുറിയിൽ തുല്യമായി വ്യാപിക്കുന്നതിന് പുകനാളിയുടെ വായറ്റത്ത് മുകളിലായി ഒരു മൂടി ഉണ്ടായിരിക്കണം. ഏറ്റവും താഴത്തെ നിരയിലെ ഷീറ്റുകളിൽ പുകനാളി മുഖത്തുനിന്ന് ഒരു മീറ്ററെങ്കിലും ഉയർത്തി വേണം നിരത്താൻ. ഷീറ്റിൽ നിറയെ ചെറിയ കുമിളകളുണ്ടാകുന്നത് പുകയറയിലെ ചൂട് 60 ഡിഗ്രിയിലും അധികമാകുന്നതുകൊണ്ടാണ്. ഏറ്റവും മുകൾനിരയിലെ ചൂട് 60 ഡിഗ്രിയിൽ കൂടാതെ ശ്രദ്ധിക്കണം. ചൂട് കൂടിയാൽ മുന്നറിയിപ്പു തരുന്ന അലാറം ഇപ്പോൾ വിപണിയിൽ ലഭ്യമാണ്.

***പുകപ്പുരകൾ ശാസ്ത്രീയമായി നിർമ്മിക്കുന്നതിന് സാങ്കേതികോപദേശം എവിടെനിന്നും ലഭിക്കും.?***

പുകപ്പുരകളുടെ പ്ലാൻ, എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ റബ്ബർബോർഡിന്റെ എഞ്ചിനീയറിങ് ആന്റ് പ്രൊസസ്സിങ് ഡിവിഷനിൽനിന്ന് ലഭ്യമാണ്. (ഫോൺനമ്പർ 0481-2353311). ചെറുകിടകർഷകർക്ക് 200 ഷീറ്റുകളിടാവുന്ന മോഡൽ മുതൽ ഷീറ്റുനിർമാണയൂണിറ്റുകൾക്കു വേണ്ടി കൈകാര്യം ചെയ്യാൻ എളുപ്പമുള്ള ട്രോളി ഉപയോഗിക്കാവുന്ന 8000 ഷീറ്റുകളിടാൻ ശേഷിയുള്ള വലിയ പുകപ്പുരകൾ വരെ റബ്ബർബോർഡിന്റെയും റബറുത്പാദകസംഘങ്ങളുടെയും കൂട്ടുടമസ്ഥതയിൽ പ്രവർത്തിക്കുന്ന കമ്പനിയായ മെട്രോവുഡ് കരാടിസ്ഥാനത്തിൽ നിർമിച്ചുനൽകുന്നുണ്ട്. ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447057854 എന്ന നമ്പരിൽ വിളിക്കാം.

പുകപ്പുര നിർമ്മാണത്തിന് വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

## ചെറുതേനീച്ചവളർത്തൽ

**ചെറുതേനീച്ചകളെ എങ്ങനെ കൂട്ടിലാക്കാം.**

പലവിധത്തിൽ തേനീച്ചകളെ കൂട്ടിലേക്കു മാറ്റാം.

ഏറെ കോളനികൾ കാണപ്പെടുന്ന സ്ഥലങ്ങളിൽ കെണിക്കൂടുകൾ സ്ഥാപിച്ചാൽ സെറ്റു പിരിഞ്ഞു വരുന്ന കോളനികൾ തനിയെ ഇത്തരം കൂടുകളിൽ വന്നു കയറും. ഈച്ചകൾ ഉപേക്ഷിച്ചുപോയ കൂടുകളാണ് ഇതിന് ഏറ്റവും ഉത്തമം. ഇവ വൃത്തിയാക്കി, ഒരു പ്രവേശനദ്വാരവും നൽകി ഏറെ കേളനികൾ വസിക്കുന്ന പ്രദേശത്തു സ്ഥാപിക്കുക. കലം, തടിപ്പെട്ടി, മുളങ്കൂട് മുതലായവ ഇപ്രകാരം തയ്യാറാക്കി വിടവുകൾ ചെറുതേൻ മെഴുക് തേച്ച് അടച്ച് പ്രവേശനദ്വാരം നല്കി ഉപയോഗിക്കാം.

നിലവിലുള്ള കൂടുകളുടെ വിഭജനം വഴി നിലവിലുള്ള കോളനിയെ വിഭജിച്ച് പുതിയ കൂട്ടിലേക്ക് മാറ്റിയും പുതിയ കൂടുണ്ടാക്കാം.

മുറിക്കാവുന്ന മരത്തിൽനിന്നും, പൊളിക്കാവുന്ന ചുവരുകളിൽ നിന്നും അവ പൊളിച്ച് പുതിയ കൂട്ടിലേക്കു മാറ്റി പുതിയ കൂട് ഉണ്ടാക്കാം. ഇപ്രകാരം ചെയ്യുമ്പോൾ മുട്ടയോടൊപ്പം റാണിയെയും, പരമാവധി പൂമ്പൊടിയും പുതിയ കൂട്ടിലേക്ക് മാറ്റണം. തേൻ അൽപം മാത്രമെ പുതിയ കൂട്ടിൽ വച്ചു കൊടുക്കാവൂ.

പൊളിക്കാൻ കഴിയാത്ത ഭിത്തി, മരം മുതലായവയിൽനിന്ന് കലം ചേർത്തുവച്ച് കോളനിയെ പിടിക്കാം. 3-4 ലിറ്റർ കൊള്ളുന്ന മൺകലത്തിന്റെ ചുവട്ടിൽ പ്രവേശനദ്വാരം നിർമ്മിച്ച് കലത്തിന്റെ വായ് ഭിത്തിയോടു ചേർത്തു ഉറപ്പിച്ച് പ്രവേശനദ്വാരമൊഴികെയുള്ള വിടവുകൾ അടച്ച് 8-10 മാസം വച്ചിരുന്നാൽ തേനീച്ചകൾ കലത്തിലേക്കു മാറും.

ട്യൂബ് ഘടിപ്പിച്ച് കോളനിയെ കൂട്ടിലാക്കാം.

തേനീച്ചക്കൂടിന്റെ പ്രവേശനക്കുഴൽ നീക്കി, അവിടെ ഒരു പ്ലാസ്റ്റിക് ട്യൂബ് ഉറപ്പിക്കുക. ദീർഘചതുരാകൃതിയിൽ ഒരു




*ഡോ. സാജൻ ജോസഫ് കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുന്നു*

തടിപ്പെട്ടി ഉണ്ടാക്കി അതിന്റെ രണ്ടു കുറിയ വശങ്ങളിലും ഓരോ ദ്വാരമിട്ട്, പ്ലാസ്റ്റിക് ട്യൂബിന്റെ ഒരറ്റം ഒരു ദ്വാരത്തിൽ ഉറപ്പിച്ച്, മറുവശത്തുള്ള ദ്വാരത്തിലൂടെ ഈച്ചയെ പുറത്തു പോകാൻ അനുവദിക്കുക. ഏതാനും മാസം കഴിയുമ്പോൾ ഭിത്തിയിലെ തേനീച്ചക്കൂട് പെട്ടിയിലേക്ക് മാറും.

***തേനീച്ചയെ കൂട്ടിലാക്കാൻ പറ്റിയ കാലം ഏതാണ്?***

ഒക്ടോബർ– നവംബർ മാസങ്ങളാണ് ഇതിനു പറ്റിയത്.

***ഏതു കാലത്താണ് കൂടുകളുടെ വിഭജനം നടത്തേണ്ടത്?***

തേനീച്ചകളുടെ വളർച്ചാകാലത്താണ് കൂടുകളുടെ വിഭജനം നടത്തേണ്ടത്. കേരളത്തിൽ ഇത് സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള നാലു മാസക്കാലമാണ്.

***ഏങ്ങനെയാണ് കോളനികളുടെ വിഭജനം നടത്തേണ്ടത്?***

കരുത്തുള്ള കോളനികളാണ് വിഭജനത്തിന് തെരഞ്ഞെടുക്കേണ്ടത്. അതായത് നിറയെ തേനും മുട്ടയും പൂമ്പൊടിയും തേനീച്ചയും ഉള്ളവ. ഇത്തരം കൂടുതുറന്ന് എല്ലാ മുട്ടകൾ രണ്ടു കൂട്ടിലും ഏതാണ്ടു തുല്യമായി വരത്തക്കവിധം, പാതിമുട്ട അടർത്തിയെടുത്ത് പുതിയ കൂടിന്റെ വാതിലിനോടു ചേർത്ത് ഉള്ളിൽ വയ്ക്കുക. പാതി പൂമ്പൊടി വേർപെടുത്തിയെടുത്ത് മുട്ടയ്ക്ക് പിന്നിൽ വയ്ക്കുക. തേൻ ഒരു ചെറിയ കഷണം അടർത്തിയെടുത്ത് പൂമ്പൊടിയോടു ചേർത്തുവച്ച് കൂട് അടച്ച് പഴയകൂട് ദൂരേക്ക് മാറ്റുക. പഴയ കൂട്ടിൽ റാണി ഉണ്ടാക്കണം. പുതിയ കൂട് പഴയകൂടിന്റെ അതേ സ്ഥാനത്ത് സ്ഥാപിക്കുക. പുറത്തു പറക്കുന്ന ഈച്ചകൾ പുതിയ കൂട്ടിൽ കയറിക്കൊള്ളും. പുതിയ കൂട്ടിൽ വച്ച മുട്ടയിൽ ഒരു റാണിമുട്ട ഉണ്ടെന്ന് ഉറപ്പാക്കണം.

***എപ്രകാരമാണ് തേൻ എടുക്കേണ്ടത്?***

നിറയെ തേനുള്ള കൂട്ടിൽ നിന്ന് മാർച്ച് അവസാനമോ ഏപ്രിൽ ആദ്യ വാരമോ തേൻ എടുക്കാം. കൂട് തുറന്ന് റാണിയുടെ സുരക്ഷിതത്വം ഉറപ്പാക്കി വേണം തേനെടുക്കാൻ. കത്തിയോ സ്റ്റീൽ സ്പൂണോ ഉപയോഗിച്ച് തേൻ കട്ടകൾ മുറിച്ചെടുക്കുക. പരമാവധി പൂമ്പൊടി ഒഴിവാക്കി വേണം തേനെടുക്കാൻ ഒരു സ്റ്റീൽ ചരുവത്തിനു മുകളിൽ ഇഴയകലമുള്ള തുണി വലിച്ചു കെട്ടി തേൻ കട്ടകൾ അതിൽ നിക്ഷേപിച്ച് മറ്റൊരു പാത്രംകൊണ്ടു മൂടി ഇളം വെയിലത്തു വയ്ക്കുക. തേൻ തനിയെ താഴേക്ക് ഊർന്നു വീഴും. ഈ തേൻ ആവശ്യമെങ്കിൽ മാത്രം ഒന്നു രണ്ടു വെയിൽ കൊള്ളിച്ച് ജലാംശം വറ്റിച്ച് കുപ്പിയിലാക്കി സൂക്ഷിക്കാം.

***ഒരു കൂട്ടിൽനിന്ന് ഒരുവർഷം ശരാശരി എത്ര അളവ് ചെറുതേൻ ലഭിക്കും.***

ഒരു കൂട്ടിൽനിന്ന് ഏകദേശം 400 – 500 മില്ലി ലിറ്റർ ചെറുതേൻ ലഭിക്കും.

***കൂടിനുമുന്നിൽ ഈച്ചകൾ തമ്മിൽ കടിച്ച് ചത്തു വീഴുന്നതെന്തുകൊണ്ടാണ്? ഇത്തരം കോളനികളെ ഏങ്ങനെ രക്ഷിക്കാം?***

പാർപ്പിടത്തിനോ ഭക്ഷണത്തിനോ മെഴുകിനോ വേണ്ടി ശക്തമായ കോളനിയിലെ വേലക്കാരികൾ ബലഹീനമായ കോളനിയെ ആക്രമിക്കുന്നതാണ് ആക്രമണം കാണപ്പെടുന്ന കൂട് അല്പം പഞ്ഞി ഉപയോഗിച്ച് അടച്ച് രാത്രിയിൽ ആ കൂട് ദൂരേക്ക് മാറ്റി സ്ഥാപിക്കുക. ഒരു കാലിക്കൂട് അതേ സ്ഥാനത്തു സ്ഥാപിച്ചാൽ ചിലപ്പോൾ ഒരു കോളനി വന്നു കയറിയെന്നു വരാം. അടച്ചു മാറ്റിയ കൂട് പിറ്റേന്ന് 10 മണിക്കുശേഷം തുറന്നുവിടുക.

***പകൽ സമയത്ത് ഈച്ചകൾ കൂട്ടമായി മണിക്കൂറുകളോളം വട്ടമിട്ട് പറക്കുന്നത് എന്തുകൊണ്ടാണ്?***

ഇതു സെറ്റുപിരിയൽ (Swarming) ആകാം കെണിക്കൂടുകൾ സ്ഥാപിച്ച് ഇവയെ ആകർഷിക്കാം.

തയ്യാറാക്കിയത്,
പി.ആർ. ശിവരാമൻ
(അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ)

## കോൾ സെന്റർ

ഓരോ മാസവും റബ്ബർതോട്ടങ്ങളിൽ നടപ്പാക്കേണ്ട കൃഷിപ്പണികളെക്കുറിച്ച് കൂടുതൽ അറിയുന്നതിന് റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. വിളിക്കേണ്ട നമ്പർ: **0481 2576622**



# ജനുവരിമാസത്തെ കൃഷിപ്പണികൾ

കൃഷിയിടങ്ങളിലെ തൈകൾക്ക് വേനൽകാലസംരക്ഷണം നൽകേണ്ടതുണ്ട്. ചെറുതൈകൾക്ക് തണൽ കുത്തുകയും ചവറുവയ്ക്കുകയും ചെയ്യാം. തൈകളുടെ ചുവട്ടിൽനിന്ന് അഞ്ചു മുതൽ ഏഴര വരെ സെ.മീ. അകലത്തിൽ വേണം ചവറുവയ്ക്കാൻ. രണ്ടാം വർഷം മുതൽ ശിഖരങ്ങൾ തമ്മിൽ കൂട്ടിമുട്ടുന്ന പ്രായം വരെ തൈകളുടെ തായ്ത്തടിയിൽ (ഒട്ടുബന്ധം മുതൽ ആദ്യ ശിഖരം വരെ) വെള്ള പൂശാം.



## നഴ്സറിയിൽ

നഴ്സറികളിലെ തൈകൾ രാവിലെയും വൈകുന്നേരവും നനച്ചുകൊടുക്കണം. തടങ്ങൾ പൂർണമായി നനയുന്ന രീതിയിൽ നാലുദിവസത്തിലൊരിക്കൽ വീതം നനച്ചാൽ മതിയാകും. വലിയ നഴ്സറികളിൽ മൊത്തം സ്ഥലത്തെ പലതായി വിഭജിച്ച് ഓരോ ഭാഗം ഓരോ ദിവസം നനച്ചുകൊടുക്കുന്നതാണ് കൂടുതൽ സൗകര്യപ്രദം. കൂടത്തൈകൾ വൈകുന്നേരം നനയ്ക്കുന്നതാണ് കൂടുതൽ നല്ലത്. തൈകൾക്ക് ആവശ്യത്തിനു തണൽ നൽകുകയും വേണം.

## കൃഷിയിടത്തിൽ

റബ്ബർതൈകളിൽ കൊറിനിസ്പോറ ഇലപ്പുള്ളി രോഗം കാണപ്പെടുന്നത് വേനൽകാലത്താണ്. ഇലകളിൽ അങ്ങിങ്ങായി ചെറുതും വലുതുമായ പൊട്ടുകൾ കാണപ്പെടുന്നതാണ് രോഗത്തിന്റെ ആരംഭം. പിന്നീടവ യോജിച്ച് ഒന്നായിത്തീരുകയും ഇലകൾ കൊഴിയുകയും ചെയ്യും. ഒരു ശതമാനം ബോർഡോമിശ്രം, 0.2 ശതമാനം മാങ്കോസെബ്, 0.05 ശതമാനം കാർബെൻഡാസിം, കോപ്പർ ഓക്സിക്ലോറൈഡ് (WP) 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ, എണ്ണയിൽ കലർത്താവുന്ന കോപ്പർ ഓക്സിക്ലോറൈഡ് ഒരു ഗ്രാം 5 ലിറ്റർ സ്പ്രേ ഓയിലിൽ എന്നിവയിലേതെങ്കിലും സ്പ്രേ ചെയ്ത് രോഗം വ്യാപിക്കുന്നതു തടാൻ സാധിക്കും.

റബ്ബർമരങ്ങളിൽ തളിരിലകൾ വരുന്ന ഇക്കാലത്ത് അവയെ പൊടിക്കുമിൾരോഗം ബാധിക്കുക സാധാരണമാണ്. മഞ്ഞുള്ള ദിനങ്ങളും ഇടയ്ക്കിടെ നേരിയതോതിൽ പെയ്യുന്ന മഴയും രോഗം വ്യാപിക്കുന്നതിന് അനുകൂലമാണ്. തുടക്കത്തിൽ തളിരിലകളിൽ വെളുത്ത പൂപ്പൽ, വെളുത്ത പൊടിയായി പറ്റിപ്പിടിച്ചിരിക്കുന്നതു കാണാം. രോഗം ബാധിച്ച തളിരിലകൾ ഉണങ്ങിച്ചുരുണ്ട് കൊഴിഞ്ഞുപോകുന്നു. അനുകൂലകാലാവസ്ഥയിൽ രോഗം പല തവണ ആവർത്തിച്ചേക്കാം. ഇലകൾ കൊഴിഞ്ഞതിനുശേഷവും ഇലത്തണ്ടുകൾ ചൂലുപോലെ നിൽക്കുകയും പിന്നീട് അവയും കൊഴിഞ്ഞുപോകുകയും ചെയ്യും. തോട്ടത്തിലെ പത്തു ശതമാനം മരങ്ങളിൽ തളിരിലകൾ ഉണ്ടാകുമ്പോൾ മുതൽ തണുപ്പുകാലം തീരുന്നതുവരെ 325 മെഷ് വലിപ്പമുള്ള ഗന്ധകപ്പൊടി 7-14 ദിവസം ഇടവേളയിൽ തൂളിക്കൊടുത്ത് രോഗത്തെ ഫലപ്രദമായി തടയാം. ഇലകളിൽ മഞ്ഞുതുള്ളികളുടെ നനവു നിൽക്കുന്ന പ്രഭാതസമയങ്ങളിൽ ഇതു ചെയ്യുന്നതാണ് ഏറ്റവും ഫലപ്രദം. ഗന്ധകപ്പൊടിയും ടാൽക്ക് പൗഡറുംകൂടി 70:30 അനുപാതത്തിൽ ചേർത്ത മിശ്രിതമാണ് ഇതിനുപയോഗിക്കുന്നത്.



ചെറുതൈകൾക്ക് വെറ്റബിൾ സൾഫർ രണ്ടര ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലയിപ്പിച്ച് 7-10 ദിവസത്തിലൊരിക്കൽ വീതം സ്പ്രേ ചെയ്തുകൊടുത്താൽ മതിയാകും. കാർബെൻഡാസിം തളിക്കുന്നതാണ് രോഗനിയന്ത്രണത്തിനുള്ള മറ്റൊരു മാർഗ്ഗം. വെറ്റബിൾ സൾഫറും കാർബെൻഡാസിമും മാറിമാറി പ്രയോഗിക്കുകയാണെങ്കിൽ ഫലസാദ്ധ്യതയേറും.

റബ്ബർമരങ്ങളിൽ തറനിരപ്പിൽനിന്ന് രണ്ടുമീറ്റർ ഉയരം വരെ ശാഖകളുണ്ടാകാൻ അനുവദിക്കുന്നത് അവയിലെ ടാപ്പിങ് ദുഷ്കരമാക്കും. അനാവശ്യമായ ശാഖകൾ മൂർച്ചയുള്ള കത്തിയുപയോഗിച്ച് തായ്ത്തടിയോടു ചേർത്ത് മുറിച്ചുമാറ്റണം.



## വേനൽകാലസംരക്ഷണം

കൃഷിയിടങ്ങളിലെ തൈകൾക്ക് വേനൽകാലസംരക്ഷണം നൽകേണ്ടതുണ്ട്. ചെറുതൈകൾക്ക് തണൽ കുത്തുകയും ചവറുവയ്ക്കുകയും ചെയ്യാം. തൈകളുടെ ചുവട്ടിൽനിന്ന് അഞ്ചു മുതൽ ഏഴര വരെ സെ.മീ. അകലത്തിൽ വേണം ചവറുവയ്ക്കാൻ. രണ്ടാം വർഷം മുതൽ ശിഖരങ്ങൾ തമ്മിൽ കൂട്ടിമുട്ടുന്ന പ്രായം വരെ തൈകളുടെ തായ്ത്തടിയിൽ (ഒട്ടുബന്ധം മുതൽ ആദ്യ ശിഖരം വരെ) വെള്ള പൂശാം. ഇതിനായി ചുണ്ണാമ്പുലായനി തയ്യാറാക്കുമ്പോൾ അതിനൊപ്പം തുരിശ് ചേർക്കേണ്ടതില്ല. ചൈനാക്ലേലായനി പുരട്ടുന്നതിനേക്കാൾ ചുണ്ണാമ്പുലായനി പുരട്ടുന്നതാണ് ഫലപ്രദം. വേനൽകാലത്ത് റബ്ബർതോട്ടങ്ങളിൽ അഗ്നിബാധയ്ക്ക് സാധ്യതയേറുമെന്നതിനാൽ വേനലിന്റെ തുടക്കം മുതൽതന്നെ ഇതിനെതിരായി മുൻകരുതലുകൾ സ്വീകരിക്കണം. തോട്ടത്തിനു നാലുചുറ്റും 5-7 മീറ്റർ വീതിയിൽ ചെടികളും കരിയിലകളും നീക്കി തെളിച്ച് ഫയർബെൽറ്റ് നിർമ്മിക്കാം. ഇങ്ങനെ തെളിച്ച ഭാഗത്ത് വീഴുന്ന ഉണക്കയിലകൾ തുടർന്നും നീക്കംചെയ്തുകൊണ്ടിരിക്കണം.

## ടാപ്പിങ്

ആദായകരമെങ്കിൽ വേനൽകാലത്തും ടാപ്പിങ് തുടരാം. മരങ്ങൾക്കു വേനൽകാലവിശ്രമം നൽകേണ്ടതില്ല. മൂന്നു ദിവസത്തിലൊരിക്കൽ വീതമുള്ള ടാപ്പിങ്ങായിരിക്കും ഉത്തമം. മഴക്കാലത്ത് ടാപ്പിങ് സുഗമമാക്കുന്നതിനായി റെയിൻഗാർഡുകൾ മരങ്ങളിൽനിന്നു നീക്കം ചെയ്തിട്ടില്ലെങ്കിൽ അവ അഴിച്ചുമാറ്റുക. കേടുപാടുകൾ കൂടാതെ ശ്രദ്ധാപൂർവം അഴിച്ചുമാറ്റിയാൽ റെയിൻഗാർഡുകൾ വീണ്ടും ഉപയോഗിക്കുന്നതിനു സാധിക്കും. ●

# വാർത്തകൾ

## ഏന്തയാർ

ഏന്തയാർ ജെ.ജെ മർഫി മെമ്മോറിയൽ സ്കൂളിൽ വ്യത്യസ്തമായ രീതിയിൽ ശിശുദിനാഘോഷം സംഘടിപ്പിച്ചു. സ്കൂളിന്റെയും റബ്ബർബോർഡിന്റെയും പൂവത്തിളപ്പ് വടക്കേൽ റബ്ബർനഴ്സറിയുടെയും ആഭിമുഖ്യത്തിനാണ് പരിപാടി സംഘടിപ്പിച്ചത്. കേരളത്തിൽ റബ്ബർകൃഷി പ്രചരിക്കുന്നതിൽ ആദ്യ കാരണക്കാരിൽ ഒരാളായ ജെ.ജെ മർഫിയുടെ പേരിൽ ഏന്തയാറിലെ സ്കൂളിൽ സംഘടിപ്പിച്ച ശിശുദിനാഘോഷപരിപാടിയിൽ സ്കൂളിലെ 1500 കുട്ടികൾ ഒരേസമയം 1500 റബ്ബർതൈകൾ നട്ടാണ് മർഫി അനുസ്മരണം നടത്തിയത്.

മർഫിയുടെ അനുസ്മരണം പ്രഥമപ്രധാനമന്ത്രി



ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനത്തിൽതന്നെ ആയത് എറെ ഉചിതമായി എന്ന് ആഘോഷം ഉദ്ഘാടനം ചെയ്ത റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ പറഞ്ഞു. മാതൃരാജ്യമായ അയർലണ്ട് വിട്ട് ഇന്ത്യയിലെ അവിസികിത വനപ്രദേശങ്ങളിലെ ദുരിതപൂർണമായ ജീവിതം തെരഞ്ഞെടുത്തയാളായിരുന്നു മർഫി. താമസിച്ച പ്രദേശത്തിന് എന്റെ അമ്മ എന്ന അർത്ഥത്തിൽ ഏന്തയാർ എന്നു പേരിട്ടു വിളിച്ച അദ്ദേഹം അന്ത്യ



*ഡോ. കെ.എൻ. രാഘവൻ മർഫിയുടെ ശവകുടീരത്തിൽ ഡോ. ജെയിംസ് ജേക്കബ്, (മദ്ധ്യത്തിൽ) തോമസ് ജോസഫ് എന്നിവർ സമീപം*

വിശ്രമത്തിനും ഇവിടംതന്നെ തെരെഞ്ഞെടുത്തു. അതുപോലെ സമ്പന്നമായ കുടുംബസാഹചര്യങ്ങൾ വിട്ട് സ്വാതന്ത്ര്യസമരത്തിന്റെ സഹനങ്ങളിലേക്ക് ഇറങ്ങിയയാളായിരുന്നു നെഹ്റുവെന്ന് അദ്ദേഹം ഓർമിപ്പിച്ചു. ജോസഫ് എം. കള്ളിവയലിൽ (മാനേജർ, ജെ.ജെ. മർഫി മെമ്മോറിയൽ സ്കൂൾ) യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. ഡോ. ജെയിംസ് ജേക്കബ് (ഡയറക്ടർ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), മൈക്കിൾ എം. കള്ളിവയലിൽ (ജെ.ജെ. മർഫി മെമ്മോറിയൽ സ്കൂൾ മുൻ മാനേജർ), ജെസ്സി ജോസ് (പഞ്ചായത്തു പ്രസിഡന്റ്), കെ. ആർ. രാജി (പഞ്ചായത്തു വൈസ് പ്രസിഡന്റ്), കെ.പി. ചെല്ലപ്പൻ (മാനേജർ, എം.ജി.എം യു.പി.സ്കൂൾ, ഒളയനാട്) ലത്തീഫ് പണിക്കവീട്ടിൽ (പ്രസിഡന്റ്,സദാരിയ മുസ്ലിം ജമാ അത്ത്), ശിവരാജൻ (പ്രസിഡന്റ്, ശ്രീ ചെല്ലിയമ്മാൾ കോവിൽ), കെ. എഫ്. കുര്യൻ (ചെയർമാൻ, മീനച്ചിൽ ഈസ്റ്റ് അർബൻ ബാങ്ക്, പൂഞ്ഞാർ), മേരിയമ്മ തോമസ് (പ്രിൻസിപ്പൽ, മർഫി മെമ്മോറിയൽ സ്കൂൾ), എം. ജി. സതീഷ് ചന്ദ്രൻ നായർ (ഡെപ്യൂട്ടി ഡയറക്ടർ, റബ്ബർബോർഡ്), ഡോ.ഷാജി ഫിലിപ്പ് (പ്രിൻസിപ്പൽ സയന്റിസ്റ്റ്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), ഡോ.വിനോദ് തോമസ് (പ്രിൻസിപ്പൽ സയന്റിസ്റ്റ്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), എഡ്വിൻ പ്രേം (സീനിയർ സയന്റിസ്റ്റ്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), തോമസ് ജോസഫ്(ഡെവലപ്മെന്റ് ഓഫീസർ, റബ്ബർബോർഡ്), രാജു വി. ജോസ്, (വടക്കേൽ നഴ്സറി) ജയ്സിലിൻ ജോർജ്(ഹെഡ്മിസ്ട്രസ്, മർഫി മെമ്മോറിയൽ ഹൈസ്കൂൾ), ഷാന്റിമോൾ മാത്യു (പ്രിൻസിപ്പൽ, മർഫി പബ്ലിക് സ്കൂൾ,ഏന്തയാർ) എന്നിവർ പങ്കെടുത്തു. ഏന്തയാറിനു സമീപം മാത്തുമലയിലുള്ള മർഫിയുടെ ശവകുടീരവും എക്സിക്യൂട്ടീവ് ഡയറക്ടർ സന്ദർശിച്ചു.

## സംസ്കരണ യൂണിറ്റ്

റബ്ബർബോർഡിന്റെ സംരംഭകത്വവികസനപദ്ധതിപ്രകാരം നിർമിച്ച മഞ്ഞളി റബ്ബർ ഇൻഡസ്ട്രീസ് എന്ന പേരിലുള്ള പ്രോസസ്സിങ് യൂണിറ്റിന്റെ ഉദ്ഘാടനം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ നിർവ്വഹിച്ചു. പുകയും ചൂടും ആവശ്യാനുസരണം നിയന്ത്രിച്ച്, ഉയർന്ന ഗ്രേഡ്ഷീറ്റുകളായ ആർ.എസ്.എസ് 1, 2, 3 എന്നിവ ഉണ്ടാക്കുന്ന യൂണിറ്റാണിത്. എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ റബ്ബർകർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപ്പറ്റി യോഗത്തിൽ പരാമർശിച്ചു. ഉത്പാദനച്ചെലവ് കുറയ്ക്കുന്നതിനായി ആഴ്ചയിലൊരുദിവസം ടാപ്പിങ് പ്രോത്സാഹിപ്പിക്കണമെന്ന്

ആദ്ദേഹം പറഞ്ഞു. റബ്ബർബോർഡും നാഷണൽ ഇൻസിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചർ മാർക്കറ്റിങ്ങും ചേർന്ന് നടത്തിയ ട്രെയിനിങ്ങിൽ നിന്നു പ്രചോദനം ഉൾകൊണ്ട് ഇങ്ങനെ ഒരു പ്രോസ്സസിങ് യൂണിറ്റ് നിർമ്മിച്ച പോളച്ചൻ മഞ്ഞളിയെ അദ്ദേഹം അഭിനന്ദിക്കുകയും ചെയ്തു.

സംസ്കരണജോലികൾ ചെയ്യുന്നതിന് സമയത്ത് ആളെ ലഭിക്കാത്തതു കാരണം ഷീറ്റുറബ്ബറിന് ആവശ്യക്കാർ കൂടിയിട്ടും കർഷകർ ലാറ്റക്സ് ആയോ ഒട്ടുപാലായോ കുറഞ്ഞവിലയിൽ റബ്ബർ വിൽക്കുന്നതിന് തയ്യാറാകുന്നു. കൃഷിയിടങ്ങളിലെ റബ്ബപാൽസംസ്കരണത്തിന് ചെലവ് കൂടിക്കൊണ്ടിരിക്കുന്നു. വിപണിയിലാണെങ്കിൽ ആവശ്യാനുസരണം ഷീറ്റുറബ്ബർ, ലാറ്റക്സ്, ഒട്ടുപാൽ എന്നിവ



ലഭിക്കാതെയും വരുന്നു. ഇതിന് ഒരു പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് റബ്ബർബോർഡ് ജയ്പൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ മാർക്കറ്റിങ്ങുമായി ചേർന്ന് സംരഭകത്വബോധനപരിശീലനക്ലാസുകൾ നടത്തിവരുന്നത്. ഈ പരിശീലന പരിപാടികളിൽ പങ്കെടുത്ത പോളച്ചൻ മഞ്ഞളിയാണ് തൃശൂർജില്ലയിൽ വരന്തരപ്പിള്ളിയിലെ കവരംപിള്ളി എന്ന സ്ഥലത്ത് ഡ്രയറുകളോടുകൂടിയ പ്രോസസ്സിങ്ങ് യൂണിറ്റ് സ്ഥാപിച്ചിരിക്കുന്നത്. റബ്ബർബോർഡ് രൂപകൽപന ചെയ്ത മാതൃകയിലാണിത് യൂണിറ്റ് നിർമിച്ചിരിക്കുന്നത്. വരന്തരപ്പിള്ളി പഞ്ചായത്തു പ്രസിഡന്റ് ജയശ്രീ കൊച്ചുഗോവിന്ദന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഇരുനൂറിലധികം കർഷകരും ജനപ്രതിനിധികളും റബ്ബർബോർഡിലെയും വ്യവസായവകുപ്പിലെയും ഉദ്യോഗസ്ഥരും പങ്കെടുത്തു.

സി.സാബു (ജോയന്റ് റബ്ബർപ്രൊഡക്ഷൻകമ്മീഷണർ) കർഷകരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയും സംരംഭത്തിന് ആശംസകൾ നേരുകയും ചെയ്തു. ഇ .എ. ഓമന (ജില്ലാ പഞ്ചായത്ത് മെമ്പർ), ജോളിടീച്ചർ (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ), ഇ .എം. ഉമ്മർ (മുൻ വരന്തരപ്പിള്ളി പഞ്ചായത്തുപ്രസിഡന്റ്) ജോസ് ചേലുപറമ്പിൽ (വൈസ് പ്രസിഡന്റ്,വരന്തരപ്പിള്ളി റബ്ബറുത്പാദകസംഘം) എന്നിവർ യോഗത്തിൽ സംസാരിച്ചു. പോളച്ചൻ മഞ്ഞളി സ്വാഗതവും സെബി മഞ്ഞളി നന്ദിയും റഞ്ഞു

## റബ്ബർകർഷകസംഗമം

കേരളത്തിൽ ടാപ്പിങ്പ്രായമായ ഒട്ടേറെ തോട്ടങ്ങൾ ടാപ്പു ചെയ്യാതെ കിടക്കുന്നുണ്ടെന്നും ഇതൊരു ദേശീയന



ഷ്ടം തന്നെയാണെന്നും റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ പറഞ്ഞു.തൃശൂർ റീജിയണിലെ റബ്ബറുത്പാദകസംഘങ്ങളുടെയും റബ്ബർബോർഡ് കമ്പനിയായ വള്ളത്തോൾ റബ്ബേഴ്സിന്റെയും റബ്ബർബോർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച റബ്ബർകർഷകസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പത്തു ലക്ഷം ടൺ വരെ പ്രതിവർഷം റബ്ബറുത്പാദനം നടത്താനുള്ള തോട്ടങ്ങൾ ഇന്ത്യയിലുണ്ട്. എന്നാൽ, കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇതിന്റെ പകുതിയിൽ അൽപം കൂടുതൽ റബ്ബർ മാത്രമേ നമ്മുടെ രാജ്യത്ത് ഉത്പാദിപ്പിക്കപ്പെടുന്നുള്ളൂ. ഇത്തരത്തിൽ വിളവെടുപ്പ് മുടങ്ങിക്കിടക്കുന്ന തോട്ടങ്ങൾ ഏറ്റെടുത്ത് പരിപാലനവും ടാപ്പിങ്ങും നടത്തുന്നതിനുള്ള ഒരു സംവിധാനത്തിന് റബ്ബർബോർഡ് കമ്പനികളും റബ്ബറുത്പാദകസംഘങ്ങളും ചേർന്ന് തുടക്കം കുറിച്ചിട്ടുണ്ട്. ആഭ്യന്തരോത്പാദനം വർദ്ധിപ്പിച്ച് ഇറക്കുമതി കുറയ്ക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക എന്നതിനാണ് ബോർഡ് മുൻഗണന നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

റീജിയണിലെ റബ്ബറുത്പാദകസംഘങ്ങളുടെ ഉപദേശകസമിതി കൺവീനർ പി.ഡി. മാത്യു വാരികുളം അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ . ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ സി. സാബു വിഷയാവതരണം നടത്തി. പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ എം.ജി. സതീഷ് ചന്ദ്രൻ നായർ റബ്ബർബോർഡിന്റെ നൂതന ആശയവിനിമയസംവിധാനങ്ങളെക്കുറിച്ച് വിശദീകരിച്ചു. റബ്ബർമേഖല

അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങൾ പി.ഡി. മാത്യു വാരികുളം(വാരികുളം സംഘം), ശശികുമാര നുണ്ണി (ജവഹർ സംഘം), പോൾസൺ ചാക്കോ (പരി യാരം സംഘം), ബാബു വർഗീസ്(എരുമപ്പെട്ടി സംഘം) എന്നിവർ അവതരിപ്പിച്ചു. വള്ളത്തോൾ റബ്ബേഴ്സ് മാനേജിങ് ഡയറക്ടർ എ.എ. ഷാജു വർഗീസ് കമ്പനി പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ എ. വിജയൻ സ്വാ ഗതവും ഡെവലപ്മെന്റ് ഓഫീസർ പി.പി. കുമാരൻ കൃതജ്ഞതയും പറഞ്ഞു.

## ഡിപ്പോ ഉദ്ഘാടനം

കൊട്ടാരക്കര റീജിയണിൽ കല്ലുവാതുക്കൽ ഫീൽഡ് സ്റ്റേഷന്റെ പരിധിയിൽ വേളമാനൂർ റബ്ബർ ഉത്പാദക സംഘം ആരംഭിച്ച കാർഷിക വസ്തുക്കളുടെ വിതരണ ഡിപ്പോയുടെ ഉദ്ഘാടനം ഡെവലപ്മെന്റ് ഓഫീസർ കെ. ഷൈലജ നിർവ്വഹിച്ചു. തുടർന്ന് നടന്ന സെമിനാ റിൽ മുഖ്യപ്രഭാഷണവും നടത്തി. ഫീൽഡ് ഓഫീസർ ദീപാ സുകുമാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.



റബ്ബർ ഉത്പാദകസംഘം പ്രസിഡന്റ് എം. ശ്രീധരൻ പിള്ള അധ്യക്ഷത വഹിച്ച യോഗത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർമാരായ ജി. രഘൂത്തമൻപിള്ള സ്വാഗതവും ജി. രാമചന്ദ്രൻ പിള്ള കൃതജ്ഞതയും പറഞ്ഞു.

## ശ്രീകണ്ഠാപുരം

ശ്രീകണ്ഠാപുരം റബ്ബർബോർഡ് റീജിയണൽ ഓഫീസിന്റെയും കല്ലുവയൽ റബ്ബറുത്പാദകസംഘ ത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ റബ്ബർ കർഷകസംഗമവും അഗ്നിസുരക്ഷ എന്ന വിഷയത്തിൽ ബോധനക്ളാസും സംഘടിപ്പിച്ചു.

വർദ്ധിച്ചുവരുന്ന പ്രകൃതിദുരന്തങ്ങളുടെയും അഗ്നിബാധകളുടെയും പശ്ചാത്തലത്തിൽ ഇത്തരം ബോധനപരിപാടികൾക്ക് ഏറെ പ്രാധാന്യം ഉണ്ട്. 200-ലധികം റബ്ബർകർഷകർ പങ്കെടുത്ത പ്രസ്തുത



യോഗത്തിൽ കല്ലുവയൽ റബ്ബറുത്പാദകസംഘം പ്രസിഡന്റ് സണ്ണി കാവനാൽ അധ്യക്ഷത വഹിച്ചു. ശ്രീകണ്ഠാപുരം റബ്ബർബോർഡ് റീജിയണൽ ഓഫീസിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ജെസ്സി ജോസഫ് സെമിനാർ ഉദ്ഘാടനം ചെയ്തു. റബ്ബറുത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും ഉത്പാദനവർദ്ധനവിനുതകുന്ന മാർഗങ്ങളും സവിസ്തരം പ്രതിപാദിച്ചു . കല്ലുവയൽസംഘത്തിന്റെ പരിധിയിൽ ഒരു തോട്ടം പോലും ടാപ്പുചെയ്യാതെ കിടക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ കർമപദ്ധതികൾ ആവിഷ്ക്കരിക്കാൻ യോഗത്തിൽ തീരുമാനിച്ചു..



ഇരിട്ടി അഗ്നിശമന ഓഫീസിലെ ഓഫീസർ ഇൻ ചാർജ് സി പി രാജേഷ് 'അഗ്നി സുരക്ഷ' എന്ന വിഷയത്തിൽ ക്ളാസ്സുകൾക്കു നേതൃത്വം നൽകി. പലപ്പോഴും നമ്മുടെ അശ്രദ്ധകൊണ്ടും അറിവില്ലായ്മകൊണ്ടുമാണ് ചെറിയ തീജ്വാലകൾ വലിയ അഗ്നിബാധകളായി മാറുന്നതെന്ന് അദ്ദേഹം പറഞ്ഞു. അഗ്നിപ്രധിരോധമാർഗങ്ങളും പ്രഥമ ശുശ്രൂഷാപാഠങ്ങളും രാജേഷും സംഘാംഗങ്ങളായ ജോർജും സന്ദീപും അവതരിപ്പിച്ചത് ശ്രദ്ധേയമായി. സംഘം ഭാരവാഹികളായ സ്കറിയ വലിയമറ്റം സ്വാഗതവും ദേവസ്യ ചെട്ടിയാശ്ശേരിൽ കൃതജ്ഞതയും പറഞ്ഞു.

## റബ്ബർബോർഡിന്റെ ജനുവരി മാസങ്ങളിലെ പരിശീലനങ്ങൾ

**റബ്ബർകൃഷി**

റബ്ബർകൃഷിയിൽ പരിശീലനം ജനുവരി 06 മുതൽ 10 വരെ കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ചു നടത്തും. പരിശീലനഫീസ് 3750 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ)

**റബ്ബർസംസ്കരണം ഗ്രേഡിങ്**

റബ്ബർപാൽ സംഭരണം, സംസ്കരണം, ഷീറ്റുഗ്രേഡിങ് എന്നീ വിഷയങ്ങൾ ഉൾപെടുത്തിക്കൊള്ള പരിശീലനം ജനുവരി 13,14 തീയതികളിൽ കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ചു നടത്തും. പരിശീലനഫീസ് ദിവസം 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ)

**ഇടവിളക്കൃഷി**

റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയെക്കുറിച്ചുള്ള പരിശീലനം ജനുവരി 14-ന് കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ചു നടത്തും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ)

**റബ്ബർതോട്ടപരിപാലനം**

റബ്ബർതോട്ടപരിപാലനത്തിൽ വിദഗ്ധപരിശീലനം ജനുവരി 20 മുതൽ 23 വരെ കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ചു നടത്തും. പരിശീലനഫീസ് ദിവസം 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ)

**ടാപ്പിങ്ങിൽ പരിശീലനം**

നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ് എന്നിവ ഉൾപെടുത്തിക്കൊള്ള പരിശീലനം ജനുവരി 21, 22 തീയതികളിൽ കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ചു നടത്തും.

പരിശീലനഫീസ് ദിവസം 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ)

**ബഡ്ഡിങ്,കപ്പുതൈകൾ**

ബഡ്ഡിങ്, കപ്പുതൈകളുടെ നിർമാണം എന്നിവയിലുള്ള പരിശീലനം ജനുവരി 28-ന് കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ചു നടത്തും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി. എസ്.റ്റി. പുറമെ)

**നടീൽ, പരിപാലനം**

റബ്ബർനടീൽ, പരിപാലനം എന്നിവയിലുള്ള പരിശീലനം ജനുവരി 29-ന് കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ചു നടത്തും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ)

പരിശീലനഫീസ് ഡയറക്ടർ (ട്രെയിനിങ്), റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം - 686 009 എന്ന പേരിൽ അക്കൗണ്ട് ട്രാൻസ്ഫർ ആയി സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ട് നമ്പർ 1450300184 ലേക്ക് (ഐ.എഫ്.എസ്. കോഡ്- CBIN 0284150) അടയ്ക്കാവുന്നതാണ്. പണമടച്ചതിന്റെ വിശദാംശങ്ങളും അപേക്ഷകന്റെ ഫോൺനമ്പരും ഇമെയിലായി training@ rubberboard.org.inലേക്ക് അയയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺനമ്പറുകൾ 0481 2353127, 2351313, 2353325

## തേനീച്ചവളർത്തൽ

റബ്ബർബോർഡ്, വെള്ളിയാമറ്റം റബ്ബറുത്പാദകസംഘം, റീഗൽ ബീ കീപ്പിംഗ് ട്രെയിനിങ് സെന്റർ, കാഞ്ഞാർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു. ഡോ. സാജൻ ജോസ് ആണ് പരിശീലത്തിന് നേതൃത്വം നൽകുന്നത് . ചെറുതേനീച്ചവളർത്തലിലും വൻതേനീച്ച വളർത്തലിലും പരിശീലനം നൽകും. വെള്ളിയാമറ്റം റബ്ബറുത്പാദകസംഘം ഭരണസമിതിയംഗം ജിജി മാത്യു വിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കോഴ്സിന്റെ ഉദ്ഘാടനം തൊടുപുഴ റബ്ബർബോർഡ് ഡപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ പി.എം. സോമശേഖരൻ



നിർവഹിച്ചു. യോഗത്തിൽ മൂലമറ്റം ഫീൽഡ് ഓഫീസർ ഷൈലമ്മ ജോസഫ് സംസാരിച്ചു. മുപ്പതുപേരുടെ ബാച്ചാണ് ആരംഭിച്ചിരിക്കുന്നത് . •

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2019 നവംബർ 1 | 12500 | 12300 | 9510 | 12500 | 12300 | 10467 | 10397 |
| 2019 നവംബർ 2 | 12500 | 12300 | അവധി | 12500 | 12300 | അവധി | അവധി |
| 2019 നവംബർ 3 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2019 നവംബർ 4 | 12500 | 12300 | 9405 | 12500 | 12300 | 10481 | 10410 |
| 2019 നവംബർ 5 | 12500 | 12300 | 9300 | 12500 | 12300 | 10527 | 10456 |
| 2019 നവംബർ 6 | 12500 | 12350 | 9300 | 12500 | 12350 | 10589 | 10518 |
| 2019 നവംബർ 7 | 12550 | 12350 | 9245 | 12550 | 12350 | 10602 | 10532 |
| 2019 നവംബർ 8 | 12600 | 12400 | 9245 | 12600 | 12400 | 10646 | 10576 |
| 2019 നവംബർ 9 | 12650 | 12400 | അവധി | 12650 | 12400 | അവധി | അവധി |
| 2019 നവംബർ 10 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2019 നവംബർ 11 | 12650 | 12450 | 9140 | 12650 | 12450 | 10617 | 10547 |
| 2019 നവംബർ 12 | 12750 | 12500 | 9140 | 12750 | 12500 | 10636 | 10565 |
| 2019 നവംബർ 13 | 12900 | 12600 | 9140 | 12900 | 12600 | 10714 | 10644 |
| 2019 നവംബർ 14 | 12900 | 12700 | 9140 | 12900 | 12700 | 10777 | 10707 |
| 2019 നവംബർ 15 | 12900 | 12700 | 9140 | 12900 | 12700 | 10798 | 10727 |
| 2019 നവംബർ 16 | 12900 | 12650 | അവധി | 12900 | 12650 | അവധി | അവധി |
| 2019 നവംബർ 17 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2019 നവംബർ 18 | 12900 | 12600 | 9090 | 12850 | 12600 | 10730 | 10659 |
| 2019 നവംബർ 19 | 12900 | 12600 | 9090 | 12850 | 12600 | 10763 | 10692 |
| 2019 നവംബർ 20 | 12950 | 12650 | 9090 | 12900 | 12650 | 10893 | 10822 |
| 2019 നവംബർ 21 | 12950 | 12700 | 9090 | 12950 | 12700 | 11015 | 10944 |
| 2019 നവംബർ 22 | 13000 | 12750 | 9035 | 13000 | 12750 | 11048 | 10977 |
| 2019 നവംബർ 23 | 13000 | 12750 | അവധി | 13000 | 12750 | അവധി | അവധി |
| 2019 നവംബർ 24 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2019 നവംബർ 25 | 13000 | 12800 | 8980 | 13000 | 12800 | 11167 | 11096 |
| 2019 നവംബർ 26 | 13050 | 12800 | 8930 | 13000 | 12800 | 11137 | 11066 |
| 2019 നവംബർ 27 | 13050 | 12800 | 8930 | 13050 | 12800 | 11105 | 11034 |
| 2019 നവംബർ 28 | 13050 | 12750 | 8930 | 13050 | 12750 | 11095 | 11024 |
| 2019 നവംബർ 29 | 13050 | 12750 | 8930 | 13000 | 12750 | 10964 | 10893 |
| 2019 നവംബർ 30 | 13050 | 12750 | അവധി | 13000 | 12750 | അവധി | അവധി |
| **ശരാശരി** | **12817** | **12577** | **9133** | **12806** | **12577** | **10799** | **10728** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിപ്പാർട്ടുമെന്റ്, റബ്ബർബോർഡ്*


India 's No 1 Quality Rubber Roller & Sheeters Available All Over India

From - JOSE BROTHERS COIMBATORE - 641 027.

Branch - MARTHANDAM, Contact No. 94434 16380, 04651-270962





6



A2

# പ്രകൃതിദത്തറബ്ബർമേഖല -പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ആഗസ്റ്റ് 2019 | ആഗസ്റ്റ് 2018 | ഏപ്രിൽ 2018 മുതൽ ആഗസ്റ്റ് 2019 വരെ | ഏപ്രിൽ 2018 മുതൽ ആഗസ്റ്റ് 2018 വരെ | ഏപ്രിൽ 2018 മുതൽ മാർച്ച് 2018 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം(+/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 41225 | 25790 | 164320 | 133280 | 430570 | |
| ബ്ലോക്കുറബ്ബർ | 8450 | 7760 | 43660 | 44800 | 119085 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 5475 | 4800 | 24400 | 25750 | 78970 | |
| മറ്റുള്ളവ | 1850 | 1650 | 7620 | 8170 | 22375 | |
| ആകെ | 57000 | 40000 | 240000 | 212000 | 651000 | 13.2 |
| **ഉപഭോഗം* (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 39300 | 40690 | 206610 | 210775 | 521495 | |
| ബ്ലോക്കുറബ്ബർ | 44500 | 51330 | 232860 | 248840 | 575115 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 6650 | 7250 | 31830 | 37925 | 88330 | |
| മറ്റുള്ളവ | 2050 | 2230 | 10820 | 11500 | 27000 | |
| ആകെ | 92500 | 101500 | 482120 | 511040 | 1211940 | –5.7 |
| ടയർനിർമ്മാണത്തിനുപയോഗിച്ചത് | 64050 | 73014 | 342742 | 365883 | 864022 | –6.3 |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | | |
| ഇറക്കുമതി (p) | 57821 | 59588 | 215393 | 228573 | 582351 | |
| കയറ്റുമതി (p) | 313 | 417 | 2638 | 1150 | 4551 | |

**2019 ജനുവരി അവസാനത്തെ സ്റ്റോക്ക് (ടൺ)**

| | | | |
|---|---|---|---|
| കർഷകർ | 87000 | ഷീറ്റുറബ്ബർ, | 165530 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 80000 | ബ്ലോക്കുറബ്ബർ | 70250 |
| ടയർ നിർമ്മാതാക്കൾ (c) | 84000 | റബ്ബർപാൽ (ഡിആർസി) | 12750 |
| മറ്റു വ്യവസായികൾ | 23000 | മറ്റുള്ളവ | 25470 |
| ആകെ | 274000 | | 274000 |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്

c- ട്രാൻസിറ്റ് ഉൾപ്പെടെ, R-പുതുക്കിയ കണക്കുകൾ പ്രകാരം.(ഡി.ജി.സി.ഐ. & എസ്., കൊൽക്കൊത്ത)

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിപ്പാർട്ട്മെന്റ്, റബ്ബർബോർഡ്*


ANNA INDUSTRIES
(An ISO 9001:2008 Certified Company)
Manufactures & Dealers of:-
Rain Guarding Compound & Rubber Coat
Formic Acid & Formic Acid With PNP etc
കർഷകരുടെ ഉത്തമ സുഹൃത്ത്.

Anna Industries
കർഷകർക്ക്
വർഷങ്ങളുടെ വിശ്വസ്തത
Kolenchery, Cochin, Kerala, Pin: 682 311
Ph: 9388601632, 9495003366
0484-2764590, 2760216
www.annabusiness.com, Email: sales@annabusiness.com, annaindustries@ymail.com, annaindustriesklcy@gmail.com

# തോട്ടത്തിലാശാൻ

**പ്രസന്നൻ ആനിക്കാട്**





ഭൂമി നമ്മളുടേതല്ല... നമ്മൾ ഭൂമിയുടേതാണ്.
റബ്ബർ കർഷകർക്ക് ഒരു പുത്തൻ ഉണർവ്
CBC റബ്ബർ മിക്സ് ജൈവവളം
(ജൈവകീടനാശി (അടങ്ങിയത്)
Approved by Directorated of Agriculture, Govt. of Kerala. (Mfd. No. LIC No. 44/OM/2015-18)
CBC റബ്ബർ മിക്സ്
CBC ജാതി സ്പെഷ്യൽ
CBC പച്ചക്കറി സ്പെഷ്യൽ
കീടങ്ങളിൽനിന്നും സംരക്ഷണം
CBC കോക്കനട്ട് മിക്സ്
മച്ചിങ്ങ കൊഴിച്ചിൽ കുറച്ച് തേങ്ങയുടെ എണ്ണം കൂടുന്നു
CBC വാഴ സ്പെഷ്യൽ
Since 1979
38 years Excellency
സാങ്കേതിക ഉപദേഷ്ടാക്കൾ
ശ്രീ. ആർ. ഹേലി
Retd. Director of Agriculture
ഡോ. ആർ. കോതണ്ടരാമൻ
Retd. Dy. Director Rubber Board
ശ്രീ. കെ.കെ. സോമൻ
Retd. Dy. Director Soil Survey
sif
Estd.1979
The South Indian Fertilisers
Since 1979
MANUFACTURERS OF CONCENTRATED ORGANIC MANURES & PESTICIDES
An ISO 9001-2015 Certified Company
Industrial Development Area, Edayar, Kochi - 683 502, Ph: Mob: 9947773620, 9847055620
E-mail: sif@sif.in, Website: www.sif.in Customer Care No. 9847902316
വിത്തു മുതൽ വിള വരെ! കർഷകർക്കൊരു കൈത്താങ്ങായി
കർഷകർക്കാവശ്യമായ എന്തും ഏതും ഒരു കുടക്കീഴിൽ....
ഫ്രാഞ്ചൈസികൾക്ക് ബന്ധപ്പെടുക:
9497165620, 9847902316
ഒരു സൗത്ത് ഇൻഡ്യൻ സ്ഥാപനം
किसान केन्द्र
കിസാൻ കേന്ദ്ര
AGRI SUPER MARKET

RUBBER MONTHLY (MALAYALAM )
Published on 11 December 2019
RNI.7842/65

Registered KL / KTM/ 44 / 2018-20
Licence No. KL / CR / KTM / WPP-02 / 2018-20
Licensed to post without pre-payment



India's largest rubber stakeholder meet in
**MAMALLAPURAM**
Tamil Nadu

INDIA RUBBER MEET 2020
MAMALLAPURAM, TAMIL NADU, INDIA.
28&29 FEBRUARY 2020

Theme: Rubber Resurgence Through Innovations

Venue: **Radisson Blu Resort Temple Bay, Mamallapuram, Tamil Nadu, India**
**28 & 29 February 2020**

**Registration fee***

| | INDIAN DELEGATES | | OVERSEAS DELEGATES |
|---|---|---|---|
| | Small growers# | Others | |
| Registration upto 27 February 2020 | Rs. 4,130 (including GST of Rs. 630 @ 18 per cent ) | Rs. 8,850 (including GST of Rs. 1,350 @ 18 per cent) | US$ 236 (including GST of US$ 36 @ 18 per cent) |
| Spot registration at the venue | Rs. 4,130 (including GST of Rs. 630 @ 18 per cent ) | Rs. 11,800 (including GST of Rs. 1,800 @ 18 per cent) | US$ 295 (including GST of US$ 45 @ 18 per cent) |

(*Registration fee does not include travel and accommodation; # To be applied through and certified by the Rubber Board Regional Office concerned.)

**ORGANISERS** | The Rubber Board (Ministry of Commerce & Industry, Govt. of India) | All India Rubber Industries Association (AIRIA) | Association of Latex Producers of India (ALPI) | Automotive Component Manufacturers Association of India (ACMA) | Automotive Tyre Manufacturers Association (ATMA) | Block Rubber Processors Association of India (IBRPA) | CAPEXIL (Ministry of Commerce & Industry, Govt. of India) | ExxonMobil | GRP Ltd. | Harrisons Malayalam Ltd. | Indian Cycle and Rikshaw Tyre Manufacturers Association (ICRTMA) | Indian / International Rubber Journal | Indian Rubber Dealers Federation (IRDF) | Indian Rubber Growers Association (IRGA) | Indian Rubber Institute (IRI) | Indian Rubber Manufacturers Research Association (IRMRA) | Indian Synthetic Rubber Private Limited (ISRPL) | Kerala State Co-operative Rubber Marketing Federation (Rubber Mark) | Latex Rubber Thread Manufacturers Association (LARTMA) | National Federation of Rubber Producers Societies (NFRPS) | Reliance Industries Ltd. | Rubber Asia | Rubber Skill Development Council (RSDC) | The Cochin Rubber Merchants Association (CRMA) | United Planters Association of Southern India (UPASI) |

Creative Minds. Tel: 0481 2561966

**Organised by India Rubber Meet Forum - a forum of rubber stakeholders in India**

For correspondence

Chairman, Organising Committee
**INDIA RUBBER MEET 2020**
Rubber Board, Kottayam-686 002, Kerala, India.

Phone: 91-481-2301231, Fax: 91-481-2571380
Email: indiarubbermeet@gmail.com
**www.indiarubbermeet.in**

Printed and Published by M.G. Sathees Chandran Nair, Deputy Director (Publicity & Public Relations) RUBBER BOARD, KOTTAYAM-686002 on behalf of RUBBER BOARD (Ministry of Commerce and Industry, Government of India). Processed and printed at D C Press (P) Ltd. Kottayam-686001 and published at Kottayam. Editor M.G. Sathees Chandran Nair.